# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS
## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS
## 01.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 01.06.2025

## Kerala

- സംസ്ഥാനത്തെ അങ്കണവാടി കുട്ടികളുടെ പ്രായത്തിനനുസൃതമായി ശാരീരികമായും മാനസികമായും ബൗദ്ധികവുമായ വളർച്ച മനസ്സിലാക്കാൻ വേണ്ടി തയ്യാറാക്കിയ സംവിധാനം

  **കുഞ്ഞൂസ് കാർഡ്**

  - വനിത-ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ശിശുരോഗ വിദഗ്ധരും തിരുവനന്തപുരം ശിശുവികസന കേന്ദ്രത്തിലെ വിദഗ്ധരും ഉൾപ്പെടുന്ന സാങ്കേതികസമിതിയാണ് കാർഡിന് രൂപം നൽകിയത്.

- സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലുമായുള്ള വാർഡുകളുടെ എണ്ണം

  **3662**

  - ആറ് കോർപറേഷനുകളിലായി 7 വാർഡുകൾ വർദ്ധിച്ച് 421 ആയി.
  - 87 മുനിസിപ്പാലിറ്റികളിൽ 128 വാർഡുകൾ വർദ്ധിച്ച് 3241 വാർഡുകളായി.
  - 941 ഗ്രാമപഞ്ചായത്തുകളിലായി 17337 വാർഡുകളുണ്ട്.

- കോഴിക്കോട് ജില്ലയുടെ ഔദ്യോഗിക പുഷ്പം

  **അതിരാണി** (Melastoma malabathricum)

  - പക്ഷി - **മേനിപ്പൊന്മാൻ** (Ceyx erithaca)
  - ശലഭം - **മലബാർ റോസ്** (Pachliopta pandiyana)
  - വൃക്ഷം - **ഈയ്യകം** (Hopea erosa)
  - പൈതൃക വൃക്ഷം - **ഈന്ത്** (Cycas circinalis)
  - ജലജീവി - **നീർനായ** (Lutrogale perspicillata)
  - മത്സ്യം - **പാതാള പൂന്താരകൻ** (Pangio bhujia)
  - മൃഗം - **ഈനാംപേച്ചി** (Manis crassicaudata)
  - സംസ്ഥാന ജൈവ വൈവിധ്യ ബോർഡാണ് അന്തിമപട്ടിക തയ്യാറാക്കിത്

- 2025-ൽ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ജനറൽ മാനേജർ പദവിയിൽ നിന്ന് വിരമിച്ച ഒളിംപ്യൻ

  **ഷൈനി വിൽസൺ**

  - 1998-ൽ പത്മശ്രീ ലഭിച്ചു
  - നാല് ഒളിമ്പിക്സുകളിൽ (1984, 1988, 1992, 1996) തുടർച്ചയായി പങ്കെടുത്തു.
  - ഒളിമ്പിക്സിൽ ദേശീയപതാകയേന്തിയ ആദ്യ ഇന്ത്യൻ വനിത

## Appointment

- 2025 മെയിൽ ഫിഷറീസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി നിയമിതനായത്

  **എ. ബിജുകുമാർ**

- സി.എം.എസ്. കോളേജിന്റെ ആദ്യ വനിത പ്രിൻസിപ്പാൾ

  **Anju Sosan George**

  - 1817-ലാണ് CMS കോളേജ്, കോട്ടയം സ്ഥാപിതമായത്.
  - ചർച്ച് മിഷനറി സൊസൈറ്റിയാണ് കോളേജ് സ്ഥാപിച്ചത്.
  - കേരളത്തിലെ ആദ്യത്തെ കോളേജ്

## National

- 2036-ഓടെ പൗരകേന്ദ്രീകൃത നഗരങ്ങൾ നിർമ്മിക്കുന്നതിനായി ഒഡീഷ ഗവൺമെന്റ് ആരംഭിക്കുന്ന പദ്ധതി

  **ANKUR**

  - ANKUR - **Atal Network for Knowledge, Urbanisation and Reform**
  - ഒഡീഷ മുഖ്യമന്ത്രി - **മോഹൻ മാഹ്ജി**

## International

- ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മീഡിയേഷൻ (IOMed) സ്ഥാപിക്കാൻ നേതൃത്വം നൽകിയ രാജ്യം

  **ചൈന**

  - അന്താരാഷ്ട്ര നീതിന്യായ കോടതി, പെർമനന്റ് കോർട്ട് ഓഫ് ആർബിട്രേഷൻ തുടങ്ങിയവയ്ക്ക് ബദലായാണ് ചൈന ഈ സംഘടന സ്ഥാപിച്ചത്.
  - ഹോങ്കോങ്ങിൽ നടന്ന ഉന്നതതല ഒപ്പുവയ്ക്കൽ ചടങ്ങിൽ, ചൈനീസ് വിദേശകാര്യ മന്ത്രി വാങ്‌പേയ് കൺവെൻഷൻ ഔപചാരികമായി അംഗീകരിക്കുന്നതിന് അധ്യക്ഷത വഹിച്ചു.

- മഞ്ഞുമല വീണ് നാമാവശേഷമായി ആൽപ്സ് പർവതനിരകളുടെ താഴ്‌വരയിൽ സ്ഥിതി ചെയ്തിരുന്ന ഗ്രാമം

  **ബ്ലാറ്റൻ ഗ്രാമം** (സ്വിറ്റ്സർലന്റ്)

  - മഞ്ഞുമല ഒഴുകിയെത്തി ബ്ലാറ്റൻ ഗ്രാമത്തിന്റെ ഭൂരിഭാഗവും ഇല്ലാതായി.

## Banking

- ബാങ്ക് ഓഫ് ബറോഡയുടെ ആദ്യ ഫിജിറ്റൽ ശാഖ ആരംഭിച്ചത്

  **കൊൽക്കത്ത**

  - സ്ഥാപിതമായത് - **1908**
  - ആസ്ഥാനം - **വഡോദര**
  - 2019-ൽ വിജയബാങ്കും ദേനാബാങ്കും ബാങ്ക് ഓഫ് ബറോഡയിൽ ലയിച്ചു.
  - ഗ്ലോബൽ ബ്രാൻഡ് അംബാസഡർ - **സച്ചിൻ തെണ്ടുൽക്കർ**

## Defence

- നൊമാഡിക് എലിഫന്റ് 2025 സംയുക്ത സൈനികാഭ്യാസത്തിന്റെ വേദി

  **മംഗോളിയ**

  - ഇന്ത്യയും മംഗോളിയയും ചേർന്നുള്ള സംയുക്ത സൈനികാഭ്യാസമാണ്.

## Sports

- 2025 സ്ക്രിപ്സ് നാഷണൽ സ്പെല്ലിങ് ബി ചാമ്പ്യൻഷിപ്പിൽ ഒന്നാമതെത്തിയ ഇന്ത്യൻ വംശജൻ

  **ഫൈസാൻ സാകി**

  - വേദി - **യു.എസ്.**

## Today's MCQ

1. 2026 ഏഷ്യൻ വെയിറ്റ്ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് വേദി എവിടെ ?

   (a) പൂനെ (b) ന്യൂഡൽഹി

   (c) അഹമ്മദാബാദ് (d) ഭുവനേശ്വർ

2. 'Uttarmarga : Where Freedom Reigns' എന്ന പുസ്തകം രചിച്ചത് ആര് ?

   (a) പ്രതിഭ റേ (b) സൽമാൻ റുഷ്ദി

   (c) പെരുമാൾ മുരുകൻ (d) സുധ മൂർത്തി

**Ans : 1 (c), 2 (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 02-06-2025
## 03-06-2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 02.06.2025 - 03.06.2025

## Kerala

- 2025-ലെ സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവത്തിന്റെ വേദി

  **ആലപ്പുഴ**

- 2025-ൽ കേരള സർവകലാശാല കലോത്സവത്തിൽ കിരീടം നേടിയത്

  **തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്**

  - വേദി - **കൊല്ലം**

## Appointment

- 2025 ഔഡി ഇന്ത്യ ബ്രാന്റ് അംബാസഡറായി നിയമിതനായത്

  **നീരജ് ചോപ്ര**

## National

- ഉസ്മാനാബാദ് റെയിൽവേ സ്റ്റേഷന്റെ പുതിയ പേര്

  **ധാരാശിവ്**

  - മഹാരാഷ്ട്രയിലാണ് റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്

- ULLAS പദ്ധതിക്ക് കീഴിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച രണ്ടാമത്തെ സംസ്ഥാനം

  **ഗോവ**

  - ആദ്യം - **മിസോറാം**

## International

- അടുത്തിടെ ചിത്രകാരൻ സൈനുൽ അബ്ദീന്റെ കലാസൃഷ്ടികൾ ഉൾപ്പെടുത്തിയ കറൻസി പുറത്തിറക്കിയ രാജ്യം

  **ബംഗ്ലാദേശ്**

  - ഷെയ്ഖ് മുജീബുർ റഹ്മാന്റെ ചിത്രത്തിന് പകരമാണ്
  - സൈനുൽ അബ്ദീന്റെ കലാസൃഷ്ടികൾക്ക് പുറമേ ഹിന്ദു, ബുദ്ധ ക്ഷേത്രങ്ങളും ദേശീയ സ്മാരകങ്ങളും കറൻസിയിൽ ഇടം പിടിച്ചു.
  - ബംഗ്ലാദേശ് കറൻസി - **ടാക്ക**

- 2025 ലോക ക്ഷീരദിനത്തിന്റെ പ്രമേയം

  **Let's Celebrate the Power of Dairy**

  - ജൂൺ 1 - ലോക ക്ഷീര ദിനം

## Award

- 2025-ൽ നടന്ന 72-ാമത് മിസ് വേൾഡ് കിരീടം നേടിയത്

  **Opal Suchata Chuangsri** (തായ്‌ലന്റ്)

  - ഈ നേട്ടം സ്വന്തമാക്കിയ ആദ്യ തായ്‌ലന്റ്കാരി
  - സ്തനാരോഗ്യത്തെ കുറിച്ച് അവബോധം വളർത്തുന്ന 'Opal For Her' എന്ന ക്യാമ്പയിന് തുടക്കം കുറിച്ചു.
  - രണ്ടാം സ്ഥാനം - **Hasset Dereje Admassu** (എത്യോപ്യ)
  - 72-ാമത് മിസ് വേൾഡ് മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്

    **നന്ദിനി ഗുപ്ത**

  - വേദി - **തെലങ്കാന** (ഫൈനൽ - ഹൈദരാബാദ്)

- 2025-ൽ മിസ് വേൾഡ് മത്സരത്തിന്റെ ഗ്ലോബൽ അംബാസഡറായി നിയമിക്കപ്പെട്ടത്

  **സുധാ റെഡ്ഡി** (വ്യവസായി, സാമൂഹിക പ്രവർത്തക)

  (ആദ്യമായാണ് മിസ് വേൾഡ് മത്സരത്തിന് ഗ്ലോബൽ അംബാസഡറെ പ്രഖ്യാപിക്കുന്നത്)

## Sports

- 2025 എഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത്

  **ചൈന**

  - ഇന്ത്യ - രണ്ടാമത്
  - ജപ്പാൻ - മൂന്നാമത്
  - ദക്ഷിണ കൊറിയയിലെ ഗുമിയായിരുന്നു വേദി
  - ഇന്ത്യ 8 സ്വർണം ഉൾപ്പെടെ 24 മെഡലുകൾ നേടി

**ഇന്ത്യൻ സ്വർണ മെഡൽ നേട്ടങ്ങൾ**

  - **മിക്സഡ് 4×400 m റിലേ**
  - **വനിതകളുടെ 4×400 m റിലേ**
  - **ഗുൽവീർ സിംഗ്** (പുരുഷന്മാരുടെ 10000 m)
  - **അവിനാഷ് സാബ്ലെ** (3000 m സ്റ്റീപ്പിൾ ചേസ് (men's)
  - **ജ്യോതി യാർരാജി** (വനിതകളുടെ 100 m ഹർഡിൽസ്)
  - **ഗുൽവീർ സിംഗ്** (പുരുഷന്മാരുടെ 5000 m)
  - **പൂജ സിംഗ്** (വനിത ഹൈജംപ്)
  - **നന്ദിനി അഗസര** (ഹെപ്റ്റാത്തലൺ)
  - ഇന്ത്യയുടെ സച്ചിൻ യാദവ് ജാവലിൻ ത്രോയിൽ വെള്ളി നേടി

    (സ്വർണം നേടിയത് അർഷാദ് നദീം)

- UEFA ചാംപ്യൻസ് ലീഗ് 2024-2025 ജേതാക്കൾ

  **PSG**

  - റണ്ണറപ്പ് - **ഇന്റർ മിലാൻ**
  - PSG-യുടെ ആദ്യ ചാംപ്യൻസ് ലീഗ് കിരീടം

- 2025 IPL ഫൈനലിൽ ഏറ്റുമുട്ടുന്നത്

    **റോയൽ ചലഞ്ചേഴ്സ് ബംഗളൂരു V/s പഞ്ചാബ് കിംഗ്സ്**

    - IPL-ൽ 3 വ്യത്യസ്ത ടീമുകളെ ഫൈനലിലെത്തിച്ച ആദ്യ ക്യാപ്റ്റൻ

      **ശ്രേയസ്സ് അയ്യർ**

    (ഡൽഹി ക്യാപിറ്റൽസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, പഞ്ചാബ് കിംഗ്സ്)

## Demise

- 2025-ൽ അന്തരിച്ച പരിസ്ഥിതി പ്രവർത്തകൻ

    **വാൽമീക് ഥാപ്പർ**

    - ഇന്ത്യയുടെ ടൈഗർമാൻ എന്നറിയപ്പെടുന്നു.
    - വന്യജീവികളുടെ സംരക്ഷണത്തിനായി രൂപം കൊണ്ട രതംഭോർ ഫൗണ്ടേഷന്റെ സ്ഥാപകരിലൊരാളാണ്.
    - രാജസ്ഥാനിലെ സരിസ്ക നാഷണൽ പാർക്കിൽ കടുവകൾ കുറഞ്ഞതിനെ തുടർന്ന് രൂപീകരിച്ച ടൈഗർ ടാസ്ക് ഫോഴ്സിൽ മെമ്പറായിരുന്നു.
    - Living with Tigers, The Secret Life of Tigers, The tigers destiny തുടങ്ങി നിരവധി പുസ്തകങ്ങൾ രചിച്ചു.

## Today's MCQ

1. ബാങ്ക് ഓഫ് ബറോഡയുടെ ആദ്യ ഫിജിറ്റൽ ശാഖ ആരംഭിച്ചത് എവിടെ ?

   (a) ന്യൂഡൽഹി (b) വഡോദര

   (c) കൊൽക്കത്ത (d) മുംബൈ

2. 2025-ൽ ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ജനറൽ മാനേജർ പദവിയിൽ നിന്ന് വിരമിച്ച ഒളിംപ്യൻ ആര് ?

   (a) പി.ടി. ഉഷ (b) ഷൈനി വിൽസൺ

   (c) അഞ്ജു ബോബി ജോർജ് (d) പി.ആർ. ശ്രീജേഷ്

**Ans : 1 (c), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




VALUE ADDED POINTS

04.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 04.06.2025

## Appointment

- 2025-ൽ ദക്ഷിണ എയർ കമാൻഡിന്റെ എയർ ഓഫീസർ കമാൻഡിംഗ് ഇൻ ചീഫായി നിയമിതനായത്

  **മനീഷ് ഖന്ന**

  - ഇന്ത്യൻ വ്യോമസേനയുടെ ദക്ഷിണ വ്യോമ കമാൻഡിന്റെ ആസ്ഥാനം - **തിരുവനന്തപുരം**

- 2025-ൽ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ പ്രസിഡന്റായി ചുമതലയേറ്റത്

  **രാജീവ് മേമാനി**

  - 2025-26 കാലയളവിലേക്കാണ് നിയമനം

## National

- ഘടംപൂർ താപവൈദ്യുത പദ്ധതിയുടെ യൂണിറ്റ് I ഉദ്ഘാടനം ചെയ്തത്

  **നരേന്ദ്രമോദി**

  - ഉത്തർപ്രദേശിലാണ് ഈ താപവൈദ്യുത പദ്ധതി നിലവിൽ വന്നത്.

- ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷന്റെ 81-ാമത് വാർഷിക പൊതുയോഗത്തിന്റെ വേദി

  **ന്യൂഡൽഹി**

- പുകയില ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നിയമപരമായ പ്രായം 18 നിന്ന് 21 വയസ്സായി ഉയർത്തിയ സംസ്ഥാനം

  **കർണാടക**

  - പുകയില നിയന്ത്രണ നിയമ ലംഘനങ്ങൾക്കുള്ള പരമാവധി പിഴ 200 രൂപയിൽ നിന്ന് 1,000 രൂപയാക്കി.
  - ലോക പുകയില വിരുദ്ധദിനം - മെയ് 31

## International

- ഇലോൺ മസ്ക് അവതരിപ്പിക്കുന്ന മൾട്ടിപ്ലാറ്റ്ഫോം ചാറ്റ് പ്രോഗ്രാം

  **XChat**

  - മെസ്സേജിംഗ്, വീഡിയോ കോൾ, വോയിസ് കോൾ തുടങ്ങിയവ ഇതിലൂടെ സാധ്യമാകുന്നു.

- അടുത്തിടെ വിയറ്റ്നാം സന്ദർശിച്ച ഇന്ത്യൻ നാവികസേന കപ്പൽ

  **INS ദർശക്**

  - വിയറ്റനാമിലെ ഹോ ചി മിൻ സിറ്റി സന്ദർശിച്ചു.
  - ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള ഉഭയകക്ഷി സമുദ്രബന്ധങ്ങളും സഹകരണവും വർദ്ധിപ്പിക്കുന്നതിനും ഇന്തോ-പസഫിക് മേഖലയിലെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ സന്ദർശനം.

## Award

- 2024-ലെ ഉള്ളൂർ സാഹിത്യ പുരസ്കാരത്തിന് അർഹനായത്

  **മഞ്ചു വെള്ളായണി**

  - കൃതി - ജല ജമന്തികൾ
  - സമ്മാനത്തുക - 25,000 രൂപ
  - ഉള്ളൂർ സ്മാരക സമിതിയാണ് പുരസ്കാരം ഏർപ്പെടുത്തുന്നത്.

## Sports

- 2025 ഫോർമുല 1 സ്പാനിഷ് ഗ്രാന്റ്പ്രിക്സിൽ ജേതാവായത്

  **ഓസ്കാർ പിയാസ്ട്രി**

- അടുത്തിടെ ചെസ്സ് ക്ലാസിക്കൽ ഫോർമാറ്റിൽ ലോക ചാമ്പ്യൻ മാഗ്നസ് കാൾസനെ തോൽപിച്ച ഇന്ത്യൻ ചെസ്സ് താരം

  **ഡി. ഗുകേഷ്**

  - നോർവെ ചെസ്സ് ടൂർണമെന്റിന്റെ ആറാം റൗണ്ടിലായിരുന്നു നേട്ടം.

- അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങളിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച ദക്ഷിണാഫ്രിക്കൻ താരം

  **ഹെൻറിച്ച് ക്ലാസൻ**

- 200 മീറ്റർ പുരുഷ ഫ്രീസ്റ്റൈൽ ദേശീയ റെക്കോർഡ് നേടിയ ഇന്ത്യൻ നീന്തൽ താരം

  **ശ്രീഹരി നടരാജ്**

  - 2025-ൽ സിംഗപ്പൂരിൽ നടന്ന ദേശീയ നീന്തൽ ചാമ്പ്യൻഷിപ്പിലാണ് നേട്ടം കൈവരിച്ചത്. 1 : 48 : 66 സെക്കൻഡിൽ പൂർത്തിയാക്കി.
  - 2021-ൽ സജൻ പ്രകാശ് സ്ഥാപിച്ച റെക്കോർഡാണ് മറികടന്നത്

## Demise

- 2025 മെയിൽ അന്തരിച്ച പ്രശസ്ത ഫ്രഞ്ച് ബയോകെമിസ്റ്റ്

  **Etienne Emile Baulieu**

  - ഗർഭച്ഛിദ്രത്തിനുള്ള ഗുളിക വികസിപ്പിച്ചത് ഇദ്ദേഹമാണ്

## Today's MCQ

1. ULLAS പദ്ധതിക്ക് കീഴിൽ സമ്പൂർണ സാക്ഷരത കൈവരിച്ച രണ്ടാമത്തെ സംസ്ഥാനം ഏത് ?

   (a) ഒഡീഷ (b) മിസോറാം

   (c) ഗോവ (d) ഗുജറാത്ത്

2. 2025 എഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത് ആര്?

   (a) ചൈന (b) ജപ്പാൻ

   (c) ഇന്ത്യ (d) ദക്ഷിണ കൊറിയ

   **Ans : 1 (c), 2 (a)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



VALUE ADDED POINTS

05.06.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 05.06.2025

## Kerala

- ട്രാൻസ് ദമ്പതിമാരുടെ കുഞ്ഞിന്റെ ജനന സർട്ടിഫിക്കറ്റിൽ അച്ഛൻ, അമ്മ എന്നതിന് പകരം രക്ഷിതാവ് എന്നാക്കണമെന്ന് വിധി പ്രഖ്യാപിച്ച ഹൈക്കോടതി

  **കേരള ഹൈക്കോടതി**

  - കേരളത്തിലെ ആദ്യത്തെ ട്രാൻസ് രക്ഷിതാക്കളായ സിയ, സഹദ് എന്നിവരുടെ ഹർജിയിലാണ് വിധി

- 2025 ജൂൺ മാസത്തിൽ വിഴിഞ്ഞത്തെത്തിയ ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ഷിപ്പ്

  **MSC ഐറിന**

  - മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയുടെ കപ്പലാണിത്.
  - ക്യാപ്റ്റൻ - **വില്ലി ആന്റണി** (മലയാളി)
  - വിഴിഞ്ഞത്തെത്തിയ ആദ്യ കപ്പൽ - **ഷെൻഹുവ 15**
  - വിഴിഞ്ഞത്തെത്തിയ ആദ്യ കണ്ടെയ്നർ ഷിപ്പ് - **സാൻ ഫെർണാണ്ടോ**

- മെഡിക്കൽ സ്റ്റോറിൽ രജിസ്റ്റേർഡ് ഫാർമസിസ്റ്റ് അല്ലാത്തവർ മരുന്ന് വിൽക്കുന്നത് തടയാൻ നിലവിൽ വരുന്ന ആപ്പ്

  **കോമ്പൗണ്ടർ ആപ്പ്**

  - ഡ്രഗ്സ് കൺട്രോൾ വിഭാഗം പദ്ധതി സമർപ്പിച്ചു. അനുമതി കിട്ടിയാൽ നടപ്പിലാക്കും
  - ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗം നടത്തിയ പരിശോധന

  **ഓപ്പറേഷൻ അമൃത്**

## Appointment

- യു.എൻ ജനറൽ അസംബ്ലിയുടെ പ്രസിഡന്റായി 2025-ൽ തിരഞ്ഞെടുക്കപ്പെട്ടത്

  **Annalena Baerbock**

  - മുൻ ജർമ്മൻ വിദേശകാര്യ മന്ത്രിയായിരുന്നു

## National

- ഇന്ത്യയുടെ ആദ്യ ബുള്ളറ്റ് ട്രെയിൻ ജപ്പാനിൽ പരീക്ഷണ ഓട്ടം ആരംഭിച്ചു.
  - ഇന്ത്യയിലെ ആദ്യ ബുള്ളറ്റ് ട്രെയിൻ ബന്ധിപ്പിക്കുന്നത് - **മുംബൈ-അഹമ്മദാബാദ്**
  - ഈ പ്രോജക്ടിൽ ഇന്ത്യയെ സഹായിക്കുന്നത് - **ജപ്പാൻ**

- ഇന്ത്യയിലെ ആദ്യ വന്ദേഭാരത് സ്ലീപ്പർ ട്രെയിൻ സർവീസ് നടത്തുന്നത്

  **ലഖ്നൗ - മുംബൈ**

- 2025-ൽ മധ്യപ്രദേശിലെ ആദ്യ മെട്രോ പ്രോജക്ട് ഉദ്ഘാടനം ചെയ്തത്

  **നരേന്ദ്രമോദി**

  - ഇൻഡോറിലാണ് നിലവിൽ വന്നത്

## International

- റഷ്യയിലെ വ്യോമത്താവളങ്ങളിൽ യുക്രൈൻ നടത്തിയ ഡ്രോൺ ആക്രമണം
  **ഓപ്പറേഷൻ സ്പൈഡേഴ്സ് വെബ്**

## Sports

### IPL 2025 (18-ാം പതിപ്പ്)

- ജേതാക്കൾ - **റോയൽ ചലഞ്ചേഴ്സ് ബംഗളൂരു** (ആദ്യ കിരീടം)
  (ക്യാപ്റ്റൻ - രജത് പടിദാർ)
- റണ്ണറപ്പ് - **പഞ്ചാബ് കിംഗ്സ്**
  (ക്യാപ്റ്റൻ - ശ്രേയസ്സ് അയ്യർ)
- ഫൈനലിന്റെ വേദി - **നരേന്ദ്രമോദി സ്റ്റേഡിയം, അഹമ്മദാബാദ്**
- ജേതാക്കൾക്ക് ലഭിക്കുന്ന സമ്മാനത്തുക - **20 കോടി രൂപ** (റണ്ണറപ്പിന് 12.5 കോടി രൂപ)
- ഫൈനലിലെ താരം - **ക്രുണാൽ പാണ്ഡ്യ** (RCB)
  [IPL ഫൈനലിൽ 2 തവണ മാൻ ഓഫ് ദ മാച്ച് നേടിയ ആദ്യ താരം (2017, 2025)]
- ടൂർണമെന്റിലെ താരം - **സൂര്യകുമാർ യാദവ്**
- ഓറഞ്ച് ക്യാപ്പ് (കൂടുതൽ റൺസ്) - **സായ് സുദർശൻ** (ഗുജറാത്ത് ടൈറ്റൻസ്)
- പർപ്പിൾ ക്യാപ്പ് (കൂടുതൽ വിക്കറ്റ്) - **പ്രസീദ് കൃഷ്ണ** (ഗുജറാത്ത് ടൈറ്റൻസ്)
- ഫെയർ പ്ലേ അവാർഡ് - **ചെന്നൈ സൂപ്പർ കിംഗ്സ്**
- എമർജിംഗ് പ്ലെയർ - **സായ് സുദർശൻ**
- ആകെ ടീമുകൾ - **10**
- ആകെ മത്സരങ്ങൾ - **74**
- ടൈറ്റിൽ സ്പോൺസർ - **ടാറ്റാ ഗ്രൂപ്പ്**

### IPL 2025 താരങ്ങൾ, നേട്ടങ്ങൾ

- 18 സീസണും കളിച്ച താരങ്ങൾ - **മഹേന്ദ്രസിംഗ് ധോണി, രോഹിത് ശർമ്മ, വിരാട് കോലി, മനീഷ് പാണ്ഡേ**
- IPL-ൽ ഒരു ഇന്ത്യൻ താരത്തിന്റെ ഉയർന്ന സ്കോർ - **അഭിഷേക് ശർമ്മ** (141)

- **<u>വൈഭവ് സൂര്യവംശി</u>**
  - IPL കളിച്ച ഏറ്റവും പ്രായം കുറഞ്ഞ താരം
  - IPL ൽ സെഞ്ചറി നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരം
  - IPL ൽ ഒരു ഇന്ത്യൻ താരത്തിന്റെ വേഗതയേറിയ സെഞ്ചറി
- IPL കളിച്ച ആദ്യ ട്രൈബൽ താരം - **റോബിൻ മിൻസ്** (മുംബൈ ഇന്ത്യൻസ്)
- IPL ൽ 3 വ്യത്യസ്ത ടീമുകളെ ഫൈനലിലെത്തിച്ച ആദ്യ ക്യാപ്റ്റൻ - **ശ്രേയസ്സ് അയ്യർ**
  (പഞ്ചാബ്, കൊൽക്കത്ത, ഡൽഹി ടീമുകളെ ഫൈനലിലെത്തിച്ചു)

- **IPL ലെ മലയാളികൾ**

  **സഞ്ജു സാംസൺ** (രാജസ്ഥാൻ റോയൽസ്), **വിഘ്നേഷ് പുത്തൂർ** (മുംബൈ ഇന്ത്യൻസ്), **വിഷ്ണു വിനോദ്** (പഞ്ചാബ് കിംഗ്സ്), **സച്ചിൻ ബേബി** (സൺറൈസേഴ്സ് ഹൈദരാബാദ്)

- **IPL റെക്കോർഡുകൾ (2025 വരെയുള്ള കണക്ക്)**
  - കൂടുതൽ റൺസ് - **വിരാട് കോലി**
  - കൂടുതൽ വിക്കറ്റ് - **യുസ്‌വേന്ദ്ര ചഹൽ**
  - കൂടുതൽ ഫോർ - **വിരാട് കോലി** (2025 ൽ ശിഖർ ധവാനെ മറികടന്നു)
  - കൂടുതൽ സെഞ്ചുറി - **വിരാട് കോലി**
  - കൂടുതൽ സിക്സറുകൾ - **ക്രിസ് ഗെയ്ൽ** (ഇന്ത്യൻ താരങ്ങളിൽ രോഹിത് ശർമ്മ)

  (IPL-ൽ 300 സിക്സറുകൾ നേടിയ ആദ്യ ഇന്ത്യൻ താരം - രോഹിത് ശർമ്മ)
  - കൂടുതൽ അർദ്ധ സെഞ്ചുറികൾ - **വിരാട് കോലി**

**ഗ്രീൻ ഡോട്ട്ബോൾ**

- 2025 ഐ.പി.എല്ലിൽ ബി.സി.സി.ഐ.യും ടാറ്റാ ഗ്രൂപ്പും സംയുക്തമായി നടപ്പാക്കിയതാണ് **ഗ്രീൻ ഡോട്ട്ബോൾ.**
- എറിയുന്ന ഓരോ ഡോട്ട് ബോളിനും 500 മരങ്ങൾ നട്ടു പിടിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം.
- പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കാനും കാലാവസ്ഥാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം വളർത്താനും ഇത് ലക്ഷ്യമിടുന്നു.
- 2025 IPL ൽ ഏറ്റവും കൂടുതൽ ഡോട്ട് ബോൾ എറിഞ്ഞത് - **മുഹമ്മദ് സിറാജ്** (ഗുജറാത്ത് ടൈറ്റൻസ്)
- ഏറ്റവും കൂടുതൽ ഡോട്ട് ബോൾ എറിഞ്ഞ ടീം - **ഗുജറാത്ത് ടൈറ്റൻസ്**

- ഫ്രഞ്ച് ഓപ്പണിൽ 100 വിജയങ്ങൾ നേടിയ രണ്ടാമത്തെ താരം

  **നൊവാക് ജോക്കോവിച്ച്**
  - ആദ്യ താരം - **റാഫേൽ നദാൽ**
  - ഏറ്റവും കൂടുതൽ ഫ്രഞ്ച് ഓപ്പൺ കിരീടങ്ങൾ നേടിയത് - **റാഫേൽ നദാൽ**
  - ഏറ്റവും കൂടുതൽ ഗ്രാന്റ്സ്ലാം നേടിയ പുരുഷ താരം - **നൊവാക് ജോക്കോവിച്ച്**

## Today's MCQ

1. 2025-ൽ ചെസ്സ് ക്ലാസിക്കൽ ഫോർമാറ്റിൽ ലോക ചാമ്പ്യൻ മാഗ്നസ് കാൾസനെ തോൽപിച്ച ഇന്ത്യൻ ചെസ്സ് താരം ആര്?

   (a) ആർ. പ്രഗ്നാനന്ദ (b) ഡി. ഗുകേഷ്

   (c) അർജുൻ എറിഗൈസി (d) വിദിത് ഗുജറാത്തി

2. 2024-ലെ ഉള്ളൂർ സാഹിത്യ പുരസ്കാരത്തിന് അർഹനായത് ആര്?

   (a) സുഭാഷ് ചന്ദ്രൻ (b) അംബികാസുതൻ മാങ്ങാട്

   (c) മഞ്ചു വെള്ളായണി (d) ആലങ്കോട് ലീലാകൃഷ്ണൻ

**Ans : 1 (b), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 06.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 06.06.2025

## Appointment

- 2025 ജൂണിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ വൈസ് ചാൻസലറായി നിയമിതനായത്

  **സി.ആർ. പ്രസാദ്**

  - ഫിഷറീസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ - **എ. ബിജുകുമാർ**

- 2025-ൽ പോളണ്ടിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **Karol Nawrocki**

- രാഷ്ട്രപതിയുടെ എ.ഡി.സി. ആയി നിയമിതയായ നാവികസേനയിൽ നിന്നുള്ള ആദ്യ വനിതാ ഓഫീസർ

  **യശസ്വി സോളങ്കി**

  - എയ്ഡ് -ഡി-ക്യാമ്പ് ഒരു പേഴ്സണൽ സ്റ്റാഫ് ഓഫീസറാണ്.
  - ഇന്ത്യൻ പ്രസിഡന്റിന് സാധാരണ അഞ്ച് എയ്ഡ്-ഡി-ക്യാമ്പ് ഉണ്ടാകും. മൂന്നെണ്ണം കരസേനയിൽ നിന്ന് ഒന്നു വീതം നാവിക, വ്യോമസേനകളിൽ നിന്നുമാണ് തിരഞ്ഞെടുക്കുന്നത്.

## National

- അടുത്തിടെ രാത്രിയിലുള്ള ഓൺലൈൻ റിയൽ മണി ഗെയിമുകൾ നിരോധിച്ച സംസ്ഥാനം

  **തമിഴ്നാട്**

  - ഇതുമായി ബന്ധപ്പെട്ട ഉത്തരവ് മദ്രാസ് ഹൈക്കോടതി ശരി വച്ചു.
  - അർദ്ധരാത്രി 12-നും പുലർച്ചെ 5-നും ഇടയിലാണ് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്.

- ഇന്ത്യയുടെ ആദ്യ തദ്ദേശീയ പോളാർ റിസർച്ച് വെസ്സൽ നിർമ്മിക്കുന്നതിനായി സഹകരിക്കുന്ന രാജ്യം

  **നോർവെ**

  - ഇന്ത്യയിലെ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആന്റ് എഞ്ചിനിയേഴ്സ് ലിമിറ്റഡും നോർവേയിലെ കോങ്സ്ബെർഗ് ഓസ്ലോയും ചേർന്നാണ് നിർമ്മിക്കുന്നത്.

- അടുത്തിടെ സർക്കാർ പുറത്തിറക്കിയ മൾട്ടി മോഡൽ ലാർജ് ലാംഗ്വേജ് മോഡൽ

  **ഭാരത്ജെൻ**

  - 22 ഇന്ത്യൻ ഭാഷകൾ ഈ എ.ഐ. മോഡലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
  - അനാച്ഛാദനം ചെയ്തത് - **ജിതേന്ദ്രസിംഗ്**

- ക്രോസ്-ബോർഡർ എക്സ്പോർട്ടുകൾക്കായുള്ള പെയ്മെന്റ് അഗ്രഗേറ്ററായി പ്രവർത്തിക്കാൻ അടുത്തിടെ ആർ.ബി.ഐ.യുടെ അനുമതി ലഭിച്ചത്.

  **PayPal**

  - ആഗോളമായി ഓൺലൈൻ പേയ്മെന്റ് സംവിധാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ കമ്പനിയാണ് പേപാൽ

- 2025 ജൂണിൽ റാംസർ സൈറ്റിൽ ഉൾപ്പെട്ട ഇന്ത്യയിൽ നിന്നുള്ള തണ്ണീർത്തടങ്ങൾ

  **ഖിചൻ** (ഫലൗദി)

  **മെനാർ** (ഉദയ്പൂർ)

  - രണ്ട് തണ്ണീർത്തടങ്ങളും രാജസ്ഥാനിലാണ് സ്ഥിതി ചെയ്യുന്നത്.
  - ഇതോടെ ഇന്ത്യയിൽ നിന്ന് ഉൾപ്പെട്ട റാംസർ സൈറ്റുകളുടെ എണ്ണം 91 ആയി.

## International

- 2025 ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ വേദി

  **റിപ്പബ്ലിക് ഓഫ് കൊറിയ**

  - 2025 ലോക പരിസ്ഥിതി ദിനത്തിന്റെ സന്ദേശം - **Beat Plastic Pollution**
  - ലോക പരിസ്ഥിതി ദിനം - **ജൂൺ 5**

- ബംഗ്ലാദേശിന്റെ ദേശീയ സ്വാതന്ത്ര്യസമര സേനാനി കൗൺസിൽ നിയമത്തിൽ വന്ന ഭേദഗതിയിലൂടെ രാഷ്ട്രപിതാവ് എന്ന പദവി ഷെയ്ഖ് മുജിബുർ റഹ്മാന് നഷ്ടമായി.
  - ബംഗ്ലാദേശിലെ ഇടക്കാല സർക്കാർ കൊണ്ടുവന്ന ഭേദഗതിയിലൂടെയാണ് ഈ മാറ്റം
  - ഷെയ്ഖ് മുജിബുർ റഹ്മാന്റെ ചിത്രം നീക്കം ചെയ്ത പുതിയ കറൻസി നോട്ടുകൾ അടുത്തിടെ പുറത്തിറക്കിയിരുന്നു.
  - ബംഗ്ലാദേശിന്റെ പ്രധാനമന്ത്രിയായ ഷെയ്ഖ് ഹസീനയുടെ പിതാവാണ് ഷെയ്ഖ് മുജിബുർ റഹ്മാൻ

- അടുത്തിടെ സ്ഫോടനം സംഭവിച്ച മൗണ്ട് എറ്റ്ന സ്ഥിതി ചെയ്യുന്നത്

  **ഇറ്റലി**

## Sports

- 2025-ൽ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിച്ച ആസ്ട്രേലിയൻ താരം

  **ഗ്ലെൻ മാക്സ്വെൽ**

## Today's MCQ

1. IPL 2025 ജേതാക്കൾ ?

   (a) കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് (b) പഞ്ചാബ് കിംഗ്സ്

   (c) മുംബൈ ഇന്ത്യൻസ് (d) റോയൽ ചലഞ്ചേഴ്സ് ബംഗളൂരു

2. 2025 ജൂൺ മാസത്തിൽ വിഴിഞ്ഞത്തെത്തിയ ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ഷിപ്പ് ?

   (a) MSC ഐറിന (b) MSC തുർക്കിയ

   (c) സാൻ ഫെർണാണ്ടോ (d)ഷെൻഹുവ 15


**Ans : 1 (d), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 07.06.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 07.06.2025

## Kerala

- കാർഷിക മേഖലയിലെ ആധുനികവൽക്കരണവും സ്ത്രീ കർഷകർക്ക് സുസ്ഥിര വരുമാനം സൃഷ്ടിക്കലും ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതി

  **കെ-ടാപ്പ്** (കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം)

## Awards

- 2025-ൽ രാജ്യത്തെ മികച്ച കൃഷി വിജ്ഞാന കേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ടത്

  **ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രം**

  - കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന് കീഴിലുള്ള കൃഷി വിജ്ഞാപന കേന്ദ്രമാണിത്.
  - കടൽപ്പായൽ കൃഷി പ്രോത്സാഹനം, നാളികേര വികസനം, മത്സ്യകൃഷി മേഖലകളിലെ പദ്ധതികൾ, കാലാവസ്ഥ സ്റ്റേഷൻ സ്ഥാപിച്ചു, ഫ്രണ്ട്സ് ഓഫ് കോക്കനട്ട് എന്ന പേരിൽ നടപ്പാക്കിയ നൈപുണ്യ വികസന പരിപാടികൾ തുടങ്ങിയവയാണ് അവാർഡിന് അർഹമാക്കിയത്.

## National

- 2025 ജൂണിൽ ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽവേ ലൈനിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്

  **നരേന്ദ്രമോദി**

  - ഉധംപൂരിനെയും ബാരാമുള്ളയെയും ബന്ധിപ്പിക്കുന്നു.
  - 272 km ദൈർഘ്യം
  - ചെനാബ് പാലവും, അൻജി ഖഡ് പാലവും ഇതിന്റെ ഭാഗമാണ്.

**ചെനാബ് പാലം**

- ലോകത്തിലെ ഏറ്റവും ഉയരമേറിയ റെയിൽവേ ആർച്ച് പാലം
- ചെനാബ് നദിക്ക് കുറുകെയുള്ള പാലം
- നദിയിൽ നിന്ന് 359 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.
- ഈഫൽ ടവറിനെക്കാൾ 35 മീറ്റർ അധിക ഉയരം
- പാലത്തിന്റെ ഡിസൈനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് 'Tekla' സോഫ്റ്റ്വെയർ ഉപയോഗിച്ചു
- നീളം - 1315 മീറ്റർ

**അൻജി ഖഡ് പാലം**

- ഇന്ത്യയിലെ ആദ്യത്തെ കേബിൾ സ്റ്റേയ്ഡ് റെയിൽ പാലം
- ചെനാബിന്റെ പോഷകനദിയായ അൻജി നദിക്ക് കുറുകെ നിർമ്മിച്ചിരിക്കുന്നു.
- നദിയിൽ നിന്ന് 331 മീറ്റർ ഉയരം

- റിയാസി ജില്ലയിൽ സ്ഥിതി ചെയ്യുന്നു.
- 473 മീറ്റർ നീളം
- ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് (USBRL) പദ്ധതി നോർതേൺ റെയിൽവെയുടെ കീഴിലാണ്.
- എന്നാൽ ഈ പാലങ്ങളുടെ നിർമ്മാണ ഏജൻസിയും രൂപകല്പന കൺസൾട്ടൻസിയും കൊങ്കൺ റെയിൽവേയാണ്.

◆ ഇന്ത്യയിലെ ജനസംഖ്യ സെൻസസും, ജാതി സെൻസസും നടത്താൻ തീരുമാനമായി.
- രണ്ട് ഘട്ടങ്ങളിൽ നടക്കും.
- ആദ്യ ഘട്ടം 2026 ഒക്ടോബർ 1 മുതൽ ആരംഭിക്കും.

(മഞ്ഞ് വീഴ്ചയുള്ള, ലഡാക്ക്, ജമ്മുകാശ്മീർ, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ)
- രണ്ടാം ഘട്ടം 2027 മാർച്ച് 1 മുതൽ
- ഇന്ത്യയിൽ അവസാനമായി ജനസംഖ്യ സെൻസസ് നടന്നത് - **2011** (ഇന്ത്യൻ ജനസംഖ്യ 121 കോടി)
- ഇന്ത്യയിലെ അവസാന ജാതി സെൻസസ് നടന്നത് - **1931**
- ഇന്ത്യയിൽ ആദ്യമായി ജാതി സെൻസസ് നടത്തിയ സംസ്ഥാനം - **ബീഹാർ**

◆ 2025-ൽ പുറത്തുവന്ന റിപ്പോർട്ടുകൾ പ്രകാരം GSDP-യിൽ ഒന്നാമതുള്ളത്

**മഹാരാഷ്ട്ര**
- രണ്ടാമത് - **തമിഴ്നാട്**
- മൂന്നാമത് - **ഉത്തർപ്രദേശ്**
- പതിനൊന്നാമത് - **കേരളം**
- GSDP - **ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്**

## International

◆ 2025 (51st) G7 ഉച്ചകോടിയുടെ വേദി

**കാനഡ** (കനാനാസ്കിസ്)
- 50th G7 ഉച്ചകോടി - **ഇറ്റലി**
- 49th G7 ഉച്ചകോടി - **ഹിരോഷിമ** (ജപ്പാൻ)
- G7 രൂപീകരിച്ചത് - **1975** (ആദ്യം G6 എന്നറിയപ്പെട്ടു)
- അംഗങ്ങൾ - **ജർമ്മനി, അമേരിക്ക, ജപ്പാൻ, യു.കെ. കാനഡ, ഇറ്റലി, ഫ്രാൻസ്**

◆ ദേശ സുരക്ഷയ്ക്ക് കടുത്ത ഭീഷണിയെന്നാരോപിച്ച് 12 രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് യാത്രാ വിലക്കേർപ്പെടുത്തിയ രാജ്യം - **അമേരിക്ക**
- **വിലക്കേർപ്പെടുത്തപ്പെട്ട രാജ്യങ്ങൾ -** അഫ്ഗാനിസ്ഥാൻ, ഇറാൻ, മ്യാൻമർ, ചാഡ്, കോംഗോ, ഇക്വറ്റോറിയൽ ഗിനിയ, എറിത്രിയ, സൊമാലിയ, ലിബിയ, യമൻ, ഹെയ്തി, സുഡാൻ

## Banking'

- നിലവിലെ GST സ്ലാബുകൾ

  **0%, 5%,12%, 18%, 28%**

  - GST സ്ലാബുകളിൽ നിന്നും 12% നികുതി സ്ലാബ് ഒഴിവാക്കിയേക്കും.

## Demise

- 2025 ജൂണിൽ അന്തരിച്ച ആദ്യകാല മലയാള സംവിധായകൻ

  **കബീർ റാവുത്തർ**

## Today’s MCQ

1. 2025-ൽ ഏത് രാജ്യത്തിന്റെ പ്രസിഡന്റായിട്ടാണ് Karol Nawrocki തിരഞ്ഞെടുക്കപ്പെട്ടത് ?

   (a) പോളണ്ട് (b) ജർമ്മനി

   (c) റഷ്യ (d) ഹംഗറി

2. 2025 ജൂണിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ വൈസ് ചാൻസലറായി നിയമിതനായത് ആര് ?

   (a) എ. ബിജുകുമാർ (b) പി.രവീന്ദ്രൻ

   (c) സാബു തോമസ് (d) സി.ആർ. പ്രസാദ്

   **Ans : 1 (a), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം...



VALUE ADDED POINTS

08.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 08.06.2025

## Kerala

- പ്രസവശേഷം ആശുപത്രിയിൽ നിന്ന് മടങ്ങുന്ന സ്ത്രീകൾക്ക് വൃക്ഷത്തൈ നൽകുന്ന പദ്ധതി

  **ജീവൻ**

  - ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ പദ്ധതി ആരംഭിച്ചു.

- അടുത്തിടെ കേരളത്തിൽ ഉൽപ്പാദന അനുമതി ലഭിച്ച കശുമാങ്ങയിൽ നിന്ന് ഉണ്ടാകുന്ന വീര്യം കുറഞ്ഞ മദ്യം

  **കണ്ണൂർ ഫെനി**

  - പയ്യാവൂർ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിലാണ് ഉൽപ്പാദനം
  - പഴവർഗങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം ഉൽപാദിപ്പിക്കാൻ സംസ്ഥാനത്തെ അബ്കാരി ആക്ടും ചട്ടവും ഭേദഗതി ചെയ്തതോടെയാണ് അനുമതി ലഭിച്ചത്.

## Appointment

- 2025-ൽ ദക്ഷിണ കൊറിയയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **Lee Jae Myung**

- 2025-ൽ പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതി ചെയർമാനായി നിയമിതനായത്

  **എസ്. മഹേന്ദ്ര ദേവ്**

  - സുമൻ ബെറിയുടെ കാലാവധി പൂർത്തിയായതിനെ തുടർന്നാണ് നിയമനം

## National

- 2025-ൽ സുഗന്ധവ്യഞ്ജനങ്ങളുടെ പട്ടികയിൽ സ്പൈസസ് ബോർഡ് ഉൾപ്പെടുത്തിയ ഇനം

  **ഉലുവ ഇല** (കസൂരി മേത്തി)

  - പട്ടികയിൽ ഇതോടെ 53 സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.
  - 1986-ലെ സ്പൈസസ് ബോർഡ് ചട്ടങ്ങൾ ഭേദഗതി ചെയ്താണ് വിജ്ഞാപനമിറക്കിയത്.

- അടുത്തിടെ ഇന്ത്യയിൽ സബ്സിഡറി ആരംഭിച്ച ബ്രസീലിയൻ എയ്റോസ്പേസ് കമ്പനി

  **Embraer**

  - പ്രതിരോധം, വാണിജ്യ-വ്യോമയാനം, നഗര വ്യോമ ഗതാഗതം എന്നിവയിലെ സാന്നിധ്യം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

## International

- ഇന്ത്യയിൽ ഉപഗ്രഹാധിഷ്ഠിത ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് അനുമതി ലഭിച്ച ഇന്റർനെറ്റ് ഉപഗ്രഹ ശൃംഖല

  **സ്റ്റാർലിങ്ക്**

  - ഇലോൺ മസ്കിന്റെ ഇന്റർനെറ്റ് ഉപഗ്രഹ ശൃംഖലയായ സ്റ്റാർലിങ്കിന് ഇന്ത്യയിൽ ഉപഗ്രഹാധിഷ്ഠിത ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് ടെലികോം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു.
  - യുട്ടെൽസാറ്റ് വൺവെബ്, ജിയോ എന്നിവയ്ക്ക് ശേഷം ലൈസൻസ് ലഭിക്കുന്ന ഉപഗ്രഹ ഇന്റർനെറ്റ് കമ്പനിയാണ് സ്റ്റാർലിങ്ക്.

- 2025 ലോക ഭക്ഷ്യസുരക്ഷ ദിനത്തിന്റെ പ്രമേയം

  **Food Safety : Science in Action**

  - ലോക ഭക്ഷ്യസുരക്ഷ ദിനം - **ജൂൺ 7**
- 2025-ൽ ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക, സാമൂഹിക കൗൺസിലിലേക്ക് (ECOSOC) ഇന്ത്യ തിരഞ്ഞെടുക്കപ്പെട്ടു.
  - 2026-28 കാലയളവിലേക്ക് 18 രാജ്യങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

## Banking

- 2025 ജൂണിൽ നിലവിൽ വന്ന റിപ്പോ റേറ്റ്

  **5.5%**

  - നിലവിലെ ബാങ്ക് റേറ്റ് - **5.75%**
  - റിവേഴ്സ് റിപ്പോ റേറ്റ് - **3.35%**
  - CRR (Cash Reserve Ratio) - **4%**
  - SLR (Statutory Liquidity Ratio) - **18%**

## Sports

- പുരുഷ ഏകദിന ക്രിക്കറ്റ് ലോകകപ്പിന്റെ 50-ാം വാർഷികം ആചരിക്കുന്നത്

  **2025**

  - 1975 ജൂൺ 7-നാണ് ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലായിരുന്ന പുരുഷ ലോകകപ്പിലെ ആദ്യ മത്സരം നടന്നത്.
  - 1975 ലോകകപ്പിൽ ജേതാക്കളായത് - **വെസ്റ്റ് ഇൻഡീസ്**
  - 8 ടീമുകൾ പങ്കെടുത്തു. 60 ഓവർ മത്സരമായിരുന്നു ഇത്.
  - ഇന്ത്യ പുരുഷ ഏകദിന ക്രിക്കറ്റ് ലോകകപ്പ് ജേതാക്കളായ വർഷങ്ങൾ - **1983, 2011**

## Demise

- 2025 ജൂണിൽ അന്തരിച്ച കനേഡിയൻ ബഹിരാകാശ സഞ്ചാരി

  **മാർക്ക് ഗാർണ്യൂ**

  - ബഹിരാകാശത്തെത്തിയ ആദ്യ കനേഡിയൻ
  - കാനഡയുടെ മുൻ ഗതാഗത മന്ത്രിയായിരുന്നു അദ്ദേഹം.

## Today's MCQ

1. 2025 ജൂണിൽ ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽവേ ലൈനിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ആര് ?

   (a) അശ്വിനി വൈഷ്ണവ് (b) അമിത് ഷാ

   (c) ദ്രൗപതി മുർമു (d) നരേന്ദ്രമോദി

2. 2025 ($51^{st}$) G7 ഉച്ചകോടിയുടെ വേദി എവിടെ ?

   (a) ഇറ്റലി (b) ജപ്പാൻ

   (c) കാനഡ (d) ജർമ്മനി

**Ans : 1 (d), 2 (c)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം...



VALUE ADDED POINTS

**09.06.2025**

**10.06.2025**

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 09.06.2025 - 10.06.2025

## Kerala

- രാജ്യത്ത് ആദ്യമായി സ്കൂളിൽ തൊഴിൽ പഠനത്തിന് പുസ്തകങ്ങൾ തയ്യാറാക്കിയ സംസ്ഥാനം

  **കേരളം**

- ബി.ആർ. അംബേദ്കർ കേരളം സന്ദർശിച്ചതിന്റെ 75-ാം വാർഷികം ആചരിച്ചത്

  **2025**

  - 1950 ജൂൺ 8 മുതൽ 11 വരെയായിരുന്നു അദ്ദേഹത്തിന്റെ കേരള സന്ദർശനം
  - തിരു-കൊച്ചി നിയമസഭയിൽ പ്രസംഗിക്കുകയും ചെയ്തു.

## Appointment

- 2025-ൽ വോളിബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **വീരേന്ദർ കൻവാർ**

  - സെക്രട്ടറി - **രാമാനന്ദ് ചൗധരി**
  - ഡൽഹി ഹൈക്കോടതിയുടെ വിധി പ്രകാരം ഒരു ഇടക്കാല ഭരണ സമിതിയുടെ തിരഞ്ഞെടുപ്പാണ് നടന്നത്.

## National

- 2025 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വന്ദേഗംഗ ജലസംരക്ഷണ കാമ്പയിൻ ആരംഭിച്ച സംസ്ഥാനം

  **രാജസ്ഥാൻ**

  - രാജസ്ഥാൻ മുഖ്യമന്ത്രി - **ഭജൻലാൽ ശർമ്മ**

- 2025-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിലവിൽ വന്ന ഗ്രേറ്റർ ഫ്ളെമിംഗോ സാങ്ചറി സ്ഥിതി ചെയ്യുന്നത്

  **ധനുഷ്കോടി** (രാമനാഥപുരം ജില്ല)

## Book & Author

- അന്തക വള്ളികൾ എന്ന പുസ്തകം രചിച്ചത്

  **സേതു**

## Space

- റെസിലിയൻസ് ദൗത്യം പരാജയപ്പെട്ടു.
  - ജപ്പാന്റെ ചാന്ദ്ര ദൗത്യമാണിത്.
  - 2025 ജനുവരിയിൽ ഫാൽക്കൺ 9 റോക്കറ്റിൽ വിക്ഷേപിച്ചു.
  - തണുത്ത കടൽ എന്നറിയപ്പെടുന്ന മെയർ ഫ്രിഗോരിസ് സമതലത്തിൽ ലാൻഡ് ചെയ്യുന്നതിന് തൊട്ട് മുൻപ് ലാൻഡറിന് നിയന്ത്രണം നഷ്ടമായി.

## Sports

- **2025 ഫ്രഞ്ച് ഓപ്പൺ**
  - → പുരുഷ സിംഗിൾസ് - **Carlos Alcaraz** (സ്പെയിൻ)
    (റണ്ണറപ്പ് - Jannik Sinner (ഇറ്റലി))
  - → വനിത സിംഗിൾസ് - **Coco Gauff** (അമേരിക്ക)
    (റണ്ണറപ്പ് - Aryna Sabalenka (ബെലാറസ്))
  - → പുരുഷ ഡബിൾസ് - **Horacio Zeballos** (അർജന്റീന) & **Marcel Granollers** (സ്പെയിൻ)
  - → വനിത ഡബിൾസ് - **Jasmine Paolini** (ഇറ്റലി) & **Sara Errani** (ഇറ്റലി)
  - → മിക്സഡ് ഡബിൾസ് - **Sara Errani** (ഇറ്റലി) & **Andrea Vavassori** (ഇറ്റലി)
- 2024-25 UEFA നേഷൻസ് ലീഗ് കിരീടം നേടിയത്
  **പോർച്ചുഗൽ**
  - പോർച്ചുഗലിന്റെ രണ്ടാമത്തെ കിരീടം
  - ഫൈനലിൽ സ്പെയിനെ പരാജയപ്പെടുത്തി
  - മൂന്നാം സ്ഥാനം - ഫ്രാൻസ്
- 2025-ൽ നടന്ന പ്രൈം വോളിബോൾ താരലേലത്തിൽ കൂടിയ ലേലത്തുക ലഭിച്ച താരങ്ങൾ
  **ഷമീമുദ്ദീൻ** (22.5 ലക്ഷം, കാലിക്കറ്റ് ഹീറോസ്)
  **വിനീത് കുമാർ** (22.5 ലക്ഷം, കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്)
  **ജെറോം വിനീത്** (22.5 ലക്ഷം, ചെന്നൈ ബ്ലിറ്റ്സ്)
- 2025 നോർവേ ചെസ് ഓപ്പൺ കിരീടം നേടിയത്
  **മാഗ്നസ് കാൾസൺ**
  - കാൾസന്റെ 7-ാം കീരീടം
  - ഡി. ഗുകേഷ് 3-ാം സ്ഥാനം
    (2025 നോർവേ ചെസിൽ ഗുകേഷ് കാൾസണെ പരാജയപ്പെടുത്തിയിരുന്നു)
  - വനിത വിഭാഗം - **Anna Muzychuk** (ഉക്രൈൻ)
    (കൊനേരു ഹംപി 3-ാം സ്ഥാനം നേടി)

## Demise

- 2025-ൽ അന്തരിച്ച അമേരിക്കൻ കമ്പ്യൂട്ടർ എഞ്ചിനീയർ
  **Bill Atkinson**
  - ക്വിക്ക്ഡ്രോ എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് ഇദ്ദേഹമാണ്.

**Today's MCQ**

1. 2025-ൽ പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതി ചെയർമാനായി നിയമിതനായത് ആര് ?

   (a) സഞ്ജീവ് സന്യാൽ (b) എസ്. മഹേന്ദ്ര ദേവ്

   (c) രാകേഷ് മോഹൻ (d) നീലകണ്ഠ മിശ്ര

2. 2025-ൽ സുഗന്ധവ്യഞ്ജനങ്ങളുടെ പട്ടികയിൽ സ്പൈസസ് ബോർഡ് ഉൾപ്പെടുത്തിയ ഇനം ഏത് ?

   (a) തുളസി (b) പുതിന

   (c) റോസ്മേരി (d) ഉലുവ ഇല

**Ans : 1 (b), 2 (d)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




## VALUE ADDED POINTS

## 11.06.2025


7845 89 44 92
8590 57 5710
veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 11.06.2025

## Kerala

- 2025 ജൂണിൽ അറബിക്കടലിൽ വച്ച് തീപിടുത്തമുണ്ടായ ചരക്കുകപ്പൽ

  **എം.വി. വാൻഹായ് 503**

  - സംഭവം കണ്ണൂർ അഴീക്കൽ ബേപ്പൂർ ഭാഗത്തിനിടയിലായി
  - കപ്പലിന്റെ നീളം - **268.8 മീറ്റർ**
  - സിംഗപ്പൂരിന്റെ പതാക വഹിച്ച കപ്പൽ
- ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ മൂല്യാധിഷ്ഠിത വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതി

  **കൂടെയുണ്ട് കരുത്തേകാൻ**
- ചരിത്രരേഖകളും മറ്റും പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കാൻ ജയിൽ മ്യൂസിയം നിലവിൽ വരുന്നത്

  **കണ്ണൂർ**

  - കണ്ണൂർ സെൻട്രൽ ജയിലിനടുത്താണ് മ്യൂസിയം നിർമ്മിക്കുന്നത്.
  - 1921-ലെ മലബാർ കലാപം, കയ്യൂർ സഖാക്കളെ തൂക്കിലേറ്റൽ തുടങ്ങി അടിയന്തരാവസ്ഥക്കാലം വരെയുള്ള രാഷ്ട്രീയ, ചരിത്ര സന്ദർഭങ്ങളുടെ തെളിവുകൾ ജയിലിലുണ്ട്. ഇവ ശാസ്ത്രീയമായി സംരക്ഷിച്ച് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി പ്രദർശിപ്പിക്കുകയാണ് ലക്ഷ്യം

## Appointment

- 2025 ജൂണിൽ 16-ാമത് ധനകാര്യ കമ്മീഷനിൽ പാർട്ട് ടൈം മെമ്പറായി നിയമിതനായത്

  **T. Rabi Sankar**

  - ഫുൾ ടൈം മെമ്പറായിരുന്ന അജയ് നാരായൺ ഝാ രാജിവെച്ചതിനെ തുടർന്നാണ് നിയമനം
  - RBI ഡെപ്യൂട്ടി ഗവർണറാണ് T. Rabi Sankar
  - 16-ാം ധനകാര്യ കമ്മീഷൻ ചെയർമാൻ - **അരവിന്ദ് പനഗരിയ**

## Book & Author

- 'Voice for the Voiceless' എന്ന പുസ്തകം രചിച്ചത്

  **ടെൻസിൻ ഗ്യാറ്റ്സോ**

  - 14-ാമത് ദലൈ ലാമയാണ് അദ്ദേഹം

## National

- 4-ാമത് ഇന്ത്യ-സെൻട്രൽ ഏഷ്യ ഡയലോഗ് 2025-ന്റെ വേദി

  **ന്യൂഡൽഹി**

## International

- 2025 ലോക സമുദ്ര ദിനത്തിന്റെ പ്രമേയം

  **Wonder : Sustaining What Sustains Us**

  - ലോക സമുദ്ര ദിനം - **ജൂൺ 8**

## Science & Technology

- 2025-ൽ ഷില്ലോങ്ങിൽ നിന്നും കണ്ടെത്തിയ പുതിയ ഇനം തവള

  **Amolops Shillong**

  - സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ശാസ്ത്രജ്ഞരാണ് കണ്ടെത്തിയത്

## Defence

- ഇന്ത്യൻ നാവികസേനയുടെ ആദ്യ ആന്റി-സബ്മറൈൻ ഷാലോ വാട്ടർ ക്രാഫ്റ്റ്

  **INS അർനാല**

  - 2025 ജൂണിൽ വിശാഖപട്ടണത്ത് കമ്മീഷൻ ചെയ്യും
  - ASW-SWC ക്ലാസിലുള്ള 16 കപ്പലുകളിൽ ആദ്യത്തേതാണ് അർനാല

## Sports

- 2025 ഐ.സി.സി. ഹാൾ ഓഫ് ഫെയ്മിൽ ഉൾപ്പെട്ട ഇന്ത്യൻ താരം

  **എം.എസ്. ധോനി**

  - മൂന്ന് ഐ.സി.സി. ടൂർണമെന്റുകളിലും വിജയിച്ച ഏക ക്യാപ്റ്റൻ
  - ഹാൾ ഓഫ് ഫെയ്മിൽ ഉൾപ്പെട്ട മറ്റു താരങ്ങൾ

    **മാത്യു ഹെയ്ഡൻ** (ആസ്ട്രേലിയ)
    **ഹാഷിം അംല** (സൗത്ത് ആഫ്രിക്ക)
    **ഗ്രേം സ്മിത്ത്** (സൗത്ത് ആഫ്രിക്ക)
    **ഡാനിയേൽ വെട്ടോറി** (ന്യൂസിലാന്റ്)
    **സന മിർ** (പാക്കിസ്ഥാൻ)
    **സാറ ടെയ്ലർ** (ഇംഗ്ലണ്ട്)

- 2025 ജൂണിൽ 400 മീറ്റർ ഫ്രീസ്റ്റൈലിൽ ലോക റെക്കോർഡ് നേടിയ താരം

  **Summer McIntosh**

  - 2022-ൽ Ariane Tismus സ്ഥാപിച്ച റെക്കോർഡാണ് മറികടന്നത്.
  - 200 മീറ്റർ ഇൻഡിവ്യൂജ്വൽ മെഡ്‌ലിയിലും ലോക റെക്കോർഡ് നേടി.

## Demise

- 2025 ജൂണിൽ അന്തരിച്ച പ്രശസ്ത ബ്രിട്ടീഷ് നോവലിസ്റ്റ്

  **ഫ്രെഡറിക് ഫോർസിത്ത്**

  - പ്രധാന രചനകൾ - **The Day of the Jackal, The Odessa File, The Dogs of War, The Fox, The Fourth Protocol**

## Today's MCQ

1. 2025 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വന്ദേഗംഗ ജലസംരക്ഷണ കാമ്പയിൻ ആരംഭിച്ച സംസ്ഥാനം ഏത് ?

   (a) ഒഡീഷ (b) ഉത്തർപ്രദേശ്
   (c) രാജസ്ഥാൻ (d) പശ്ചിമ ബംഗാൾ

2. 2025-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തമിഴ്നാട്ടിൽ നിലവിൽ വന്ന ഗ്രേറ്റർ ഫ്ളെമിംഗോ സാങ്ചറി സ്ഥിതി ചെയ്യുന്നത് എവിടെ ?

   (a) കോയമ്പത്തൂർ (b) ഗിണ്ടി
   (c) മുതുമലൈ (d) ധനുഷ്കോടി

**Ans : 1 (c), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 12.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 12.06.2025

## Important Day

- ജൂൺ 12 - **ലോക ബാലവേല വിരുദ്ധദിനം**
  - ബാലവേല തടയുക എന്ന ലക്ഷ്യത്തോടെ ജൂൺ 12 ലോക ബാലവേല വിരുദ്ധദിനമായി ആചരിക്കുന്നു.
- 2025-ലെ പ്രമേയം - **Progress is clear, but there's more to do : let's speed up efforts !**

## Kerala

- വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരം നമുക്കു തന്നെ പരിശോധിക്കാൻ സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ

  **മെഡ് വാച്ച്**
  - കേരള ഡ്രഗ്സ് കൺട്രോൾ ബോർഡാണ് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നത്.
- കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ സർവേ പ്രകാരം കേരളത്തിന്റെ കടൽത്തീരത്തിന്റെ ദൈർഘ്യം

  **600.15 km**
  - തുരുത്തുകളും ചെറിയ ദ്വീപുകളുടെ തീരം കൂടി ചേർത്തതോടെയാണിത്.
  - തീരസുരക്ഷയും വികസനവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ബോർഡർ മാനേജ്മെന്റ് നിർദ്ദേശിച്ച പ്രകാരമായിരുന്നു സർവേ.
  - ഇന്ത്യയിൽ കടൽത്തീരമുള്ള സംസ്ഥാനങ്ങൾ - **9**
  - ഇന്ത്യയിൽ കടൽത്തീരമുള്ള കേന്ദ്രഭരണ പ്രദേശങ്ങൾ - **4**
  - ഏറ്റവും കൂടുതൽ കടൽത്തീരമുള്ള കേന്ദ്രഭരണ പ്രദേശം - **ആൻഡമാൻ നിക്കോബാർ**
  - ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനം - **ഗുജറാത്ത്**
  - ഏറ്റവും കുറവ് കടൽത്തീരമുള്ള കേന്ദ്രഭരണ പ്രദേശം - **പുതുച്ചേരി**
  - ഏറ്റവും കുറവ് കടൽത്തീരമുള്ള സംസ്ഥാനം - **ഗോവ**

## Appointment

- 2025-ൽ മാലിദ്വീപ് ടൂറിസത്തിന്റെ ഗ്ലോബൽ അംബാസഡറായി നിയമിതയായത്

  **കത്രീന കൈഫ്**
  - വിസിറ്റ് മാലിദ്വീപ് എന്ന കാമ്പയിന്റെ ഭാഗമായിരുന്നു നിയമനം
  - 2022-ൽ നീരജ് ചോപ്ര സ്വിറ്റ്സർലന്റ് ടൂറിസത്തിന്റെ ഫ്രണ്ട്ഷിപ്പ് അംബാസഡറായിരുന്നു.

## National

- ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം 2024-ൽ ഇന്ത്യയിലെ ദരിദ്ര നിരക്ക്

  **4.6%**
  - SBI നടത്തിയ സർവേ പ്രകാരമാണ് 2024-ൽ ഇന്ത്യയിലെ ദരിദ്ര നിരക്ക് 4.6%
  - ലോക ബാങ്ക് റിപ്പോർട്ട് പ്രകാരം 2023-ൽ ഇന്ത്യയിലെ ദരിദ്ര നിരക്ക് 5.3%
  - ലോക ബാങ്ക് പ്രസിഡന്റ് - **അജയ് ബാംഗ** (ലോക ബാങ്കിന്റെ 14th പ്രസിഡന്റ്)
  - SBI ചെയർമാൻ - **സി.എസ്. സെട്ടി**

## International

- 2025-ൽ UNFPA (യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്) പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം ഏറ്റവും ജനസംഖ്യ കൂടിയ രാജ്യം

  **ഇന്ത്യ**

  - ഈ റിപ്പോർട്ട് പ്രകാരം 146 കോടിയാണ് ഇന്ത്യയിലെ ജനസംഖ്യ
  - രണ്ടാം സ്ഥാനം - **ചൈന** (141 കോടി)
  - The Real Fertility Crisis എന്ന തലക്കെട്ടോടെയാണ് റിപ്പോർട്ട് പുറത്ത് വിട്ടത്

## Book & Author

- കുർബാൻ എന്ന നോവൽ രചിച്ചത്

  **ഹരിത സാവിത്രി**

  - 2023 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ സിൻ എന്ന നോവൽ രചിച്ചത് ഹരിത സാവിത്രിയാണ്

## Defence

- 2025 ജൂണിൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ച ലൈറ്റ് മെഷീൻ ഗൺ സംവിധാനം വികസിപ്പിച്ചത്

  **ബി.എസ്.എസ്. മെറ്റീരിയൽ ലിമിറ്റഡ്** (ഡെറാഡൂൺ)

  - A I സഹായത്തോടെയുള്ള മെഷീൻ ഗണ്ണാണിത്.

## Sports

- 2025 ഐ.സി.സി. വേൾഡ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഏറ്റുമുട്ടുന്നത്

  **ദക്ഷിണാഫ്രിക്ക Vs ഓസ്ട്രേലിയ**

  - വേദി - **ലോർഡ്സ്**
  - ദക്ഷിണാഫ്രിക്കൻ ക്യാപ്റ്റൻ - **തെംബ ബവുമ**
  - ഓസ്ട്രേലിയൻ ക്യാപ്റ്റൻ - **പാറ്റ് കമ്മിൻസ്**
  - 2023 ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ജേതാക്കൾ - **ഓസ്ട്രേലിയ**
    (2021 (പ്രഥമ) ജേതാക്കൾ - ന്യൂസിലന്റ്)

- **2025 ഇന്തോനേഷ്യൻ ഓപ്പൺ ജേതാക്കൾ**
  - പുരുഷ സിംഗിൾസ് - **Anders Antonsen**
  - വനിത സിംഗിൾസ് - **An se Young**

## Today's MCQ

1. 2025 ജൂണിൽ അറബിക്കടലിൽ വച്ച് തീപിടുത്തമുണ്ടായ ചരക്കുകപ്പൽ ?

   (a) MSC എൽസ  (b) എം.വി. വാൻഹായ് 503

   (c) MSC ഐറിന  (d) MSC തുർക്കിയ

2. 2025 ഐ.സി.സി. ഹാൾ ഓഫ് ഫെയ്മിൽ ഉൾപ്പെട്ട ഇന്ത്യൻ താരം ?

   (a) എം.എസ്. ധോനി  (b) രോഹിത് ശർമ

   (c) വിരാട് കോലി  (d) ഹർദ്ദിക് പാണ്ഡ്യ

**Ans : 1 (b), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം..."




## VALUE ADDED POINTS

## 13.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 13.06.2025

## Kerala

- തീപിടിച്ച വാൻഹായ് കപ്പലിനെ പുറംകടലിലേക്ക് വലിച്ച് നീക്കുന്ന കോസ്റ്റ്ഗാർഡ് കപ്പൽ

  **സമുദ്ര പ്രഹരി**

## National

- 2025-ൽ 5300 വർഷം പഴക്കമുള്ള ഹാരപ്പൻ വാസസ്ഥലം കണ്ടെത്തപ്പെട്ടത്

  **കച്ച്** (ഗുജറാത്ത്)

  - കേരള സർവകലാശാലയിലെ ഗവേഷകർ കണ്ടെത്തി.
  - പ്രീ പ്രഭാസ് എന്നറിയപ്പെടുന്ന അപൂർവ്വ മൺപാത്ര ശേഖരവും ഇവിടുന്ന് കണ്ടെത്തി.

- സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് അടുത്തിടെ SITHA ആപ്പ് പുറത്തിറക്കിയ സംസ്ഥാനം

  **തെലങ്കാന**

  - SITHA - She is The Hero Always

## International

- അന്താരാഷ്ട്ര വെബ് ട്രാഫിക് വിശകലന സൈറ്റായ സിമിലർ വെബ്ബിന്റെ റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ പേർ സന്ദർശിച്ച ഇന്ത്യൻ ടൂറിസം സൈറ്റ്

  **keralatourism.org**

  - രണ്ടാം സ്ഥാനം - **incredibleindia.gov.in**
  - ലോകത്തിൽ കേരളത്തിന്റെ സൈറ്റ് രണ്ടാമതാണ്.

- 2025 (3rd) യു.എൻ ഓഷ്യൻ കോൺഫറൻസ് വേദി

  **ഫ്രാൻസ്**

  - ഫ്രാൻസിലെ നീസിൽ വച്ചാണ് നടക്കുന്നത്.
  - 'High Seas Treaty' (Biodiversity Beyond National Jurisdiction) അംഗീകരിക്കുക എന്നതാണ് കോൺഫറൻസിന്റെ പ്രധാന ലക്ഷ്യം.
  - ദേശീയ അധികാര പരിധിക്ക് പുറത്തുള്ള സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കാൻ ലക്ഷ്യമിടുന്നതാണ് കരാർ.

- അടുത്തിടെ കുടിയേറ്റ നയ വിരുദ്ധ പ്രക്ഷോഭം നടന്ന അമേരിക്കൻ നഗരം

  **ലോസ് ഏഞ്ചൽസ്**

  - അനധികൃത കുടിയേറ്റക്കാരെ കണ്ടെത്താൻ ആഭ്യന്തര സുരക്ഷ വിഭാഗം വ്യാപകമായി റെയ്ഡ് തുടങ്ങിയതിന് പിന്നാലെയാണ് പ്രക്ഷോഭം തുടങ്ങിയത്.

## Space

- ഇന്ത്യയുടെ ആദ്യ Thinking data compute satellite വിക്ഷേപിക്കാനൊരുങ്ങുന്നത്

  **TakeMe2Space**

  - ഹൈദരാബാദ് ആസ്ഥാനമായ സ്റ്റാർട്ടപ്പാണിത്
  - ISRO-യുമായി സഹകരിച്ച് SSLV-യിൽ (സ്മാൾ സാറ്റ്ലൈറ്റ് ലോഞ്ച് വെഹിക്കിൾ) 2025 സെപ്റ്റംബറിൽ വിക്ഷേപിക്കും.

## Sports

- അന്താരാഷ്ട്ര ഫുട്ബോളിൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തിയ ആദ്യ ആഫ്രിക്കൻ ടീം

  **സെനഗൽ**

## Today's MCQ

1. കേന്ദ്ര സർക്കാരിന്റെ ഏറ്റവും പുതിയ സർവേ പ്രകാരം കേരളത്തിന്റെ കടൽത്തീരത്തിന്റെ ദൈർഘ്യം എത്ര ?

   (a) 590.15 km (b) 610.15 km

   (c) 654 km (d) 600.15 km

2. 2025-ൽ UNFPA (യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട്) പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം ഏറ്റവും ജനസംഖ്യ കൂടിയ രാജ്യം ഏത് ?

   (a) ഇന്ത്യ (b) ചൈന

   (c) അമേരിക്ക (d) ജപ്പാൻ

**Ans : 1 (d), 2 (a)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 14.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 14.06.2025

## Kerala

- ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ഉൽപാദനം വീട്ടുവളപ്പിൽ ഉറപ്പാക്കുന്ന പദ്ധതി

  **ഓണത്തിനൊരു മുറം പച്ചക്കറി**

  - 2025-ലെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി - **പിണറായി വിജയൻ**

## Appointment

- അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ വംശജൻ

  **Bobby Mukkamala**

  - 180-ാമത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.
  - അമേരിക്കയിലെ ഫിസിഷ്യൻമാരുടെയും മെഡിക്കൽ വിദ്യാർത്ഥികളുടെയും ഒരു ഗ്രൂപ്പാണ് അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ.

## Book & Author

- 'കാൻസർ വാർഡിലെ ചിരി' എന്ന പുസ്തകം എഴുതിയത്

  **ഇന്നസെന്റ്**

  - ഈ ബുക്ക് അറബിയിലേക്കും പരിഭാഷ ചെയ്തു
  - പരിഭാഷ ചെയ്തത് - ഇ. യൂസുഫ് സാഹിബ് നദ്‌വി
  - ഇംഗ്ലീഷ്, ഇറ്റലി, തമിഴ്, കന്നട, തെലുങ്ക്, ഹിന്ദി തുടങ്ങിയ ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

## National

- 2025 ജൂൺ 12 ന് അഹമ്മദാബാദിൽ അപകടത്തിൽപ്പെട്ട വിമാനം

  **ബോയിംഗ് 787-8 ഡ്രീംലൈനർ**

  - ഒരു മലയാളിയടക്കം 200 ലേറെപേർ അപകടത്തിൽ അന്തരിച്ചു.
  - ഈ അപകടത്തിൽ മുൻ ഗുജറാത്ത് മുഖ്യമന്ത്രി വിജയ് രൂപാണി അന്തരിച്ചു
- തത്കാൽ മുഖേന റെയിൽവേ ടിക്കറ്റ് ബുക്കിംഗിന് ആധാർ ബന്ധിപ്പിക്കുന്നു
  - 2025 ജൂലൈ 1 മുതൽ തത്കാലുമായി ആധാർ ബന്ധിപ്പിക്കാൻ ആരംഭിക്കും. ജൂലൈ 15 മുതൽ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ ആധാർ ബന്ധിപ്പിച്ച മൊബൈലിൽ ഒ.ടി.പി. വരും.

## International

- 2025 ജൂണിൽ ഇറാനിനെതിരെ ഇസ്രായേൽ നടത്തിയ സൈനിക ആക്രമണം

  **ഓപ്പറേഷൻ റൈസിംഗ് ലയൺ**

  - ഇറാനിന്റെ ആണവ, സൈനിക കേന്ദ്രങ്ങളെ ലക്ഷ്യമിട്ടായിരുന്നു ആക്രമണം
  - ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് തലവൻ ഹൊസൈൻ സലാമി കൊല്ലപ്പെട്ടു

- ഗ്ലോബൽ ജെൻഡർ ഗ്യാപ് ഇൻഡക്സ് 2025-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

  **ഐസ്‌ലന്റ്**

  - രണ്ടാം സ്ഥാനത്ത് - **ഫിൻലന്റ്**
  - മൂന്നാം സ്ഥാനത്ത് - **നോർവെ**
  - ഇന്ത്യയുടെ സ്ഥാനം - **131**
  - വേൾഡ് ഇക്കണോമിക് ഫോറമാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്

## Defence

- സംയുക്ത സൈനിക അഭ്യാസം ശക്തി 2025-ന്റെ വേദി

  **La Cavalerie** (ഫ്രാൻസ്)

  - ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള സൈനിക അഭ്യാസത്തിന്റെ 8-ാമത് എഡിഷനാണിത്.

- അടുത്തിടെ ഇന്ത്യ വിജയകരമായി പരീക്ഷിച്ച ഹൈബ്രിഡ് കോംബാറ്റ്

  **രുദ്രാസ്ത്ര**

  - ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ഹൈബ്രിഡ് കോംബാറ്റാണിത്

## Sports

- 2025 ഓസ്ട്രിയൻ റെയ്സ്‌വാക്ക് ചാമ്പ്യൻഷിപ്പിൽ 10 km വനിത റെയ്സിൽ സ്വർണം നേടിയത്

  **പ്രിയങ്ക ഗോസ്വാമി**

  - പുരുഷ 35 km മത്സരത്തിൽ ഇന്ത്യയുടെ സന്ദീപ് കുമാർ വെള്ളി മെഡൽ നേടി
  - 50 km റെയ്സ് വാക്കിൽ ദേശീയ റെക്കോർഡ് നേടിയ വ്യക്തിയാണ് സന്ദീപ് കുമാർ. 2022 കോമൺവെൽത്ത് ഗെയിംസിൽ വെങ്കലമെഡൽ നേടിയിട്ടുണ്ട്.

## Demise

- 2025 ജൂണിൽ അന്തരിച്ച അമേരിക്കൻ സംഗീതജ്ഞനും ഗാനരചയിതാവുമായ വ്യക്തി

  **Brian Wilson**

  - രണ്ട് തവണ ഗ്രാമി അവാർഡ് ലഭിച്ചിട്ടുണ്ട്.

## Today's MCQ

1. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് അടുത്തിടെ SITHA ആപ്പ് പുറത്തിറക്കിയ സംസ്ഥാനം ഏത് ?

   (a) ആന്ധ്രാപ്രദേശ് (b) ഒഡീഷ

   (c) തെലങ്കാന (d) ബീഹാർ

2. 2025 ($3^{rd}$) യു.എൻ ഓഷ്യൻ കോൺഫറൻസ് വേദി എവിടെ ?

   (a) ഫ്രാൻസ് (b) ഇറ്റലി

   (c) ജർമ്മനി (d) യു.എസ്.എ


**Ans : 1 (c), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 15.06.2025


7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 15.06.2025

## Appointment

- അടുത്തിടെ ചാണക്യ യൂണിവേഴ്സിറ്റി ചാൻസലറായി നിയമിതനായത്

  **എസ്. സോമനാഥ്**

  - കർണാടകയിലെ യൂണിവേഴ്സിറ്റിയാണിത്
  - ISRO യുടെ 10-ാമത്തെ ചെയർമാനാണ് എസ്. സോമനാഥ് (കാലാവധി 2022-2025)
  - ചന്ദ്രയാൻ 3, ആദിത്യ L1 തുടങ്ങിയ ബഹിരാകാശ ദൗത്യങ്ങളുടെ സമയത്ത് ISRO ചെയർമാനായിരുന്നു

- പ്രൈം മിനിസ്റ്റേഴ്സ് മ്യൂസിയം & ലൈബ്രറിയുടെ ഡയറക്ടറായി 2025-ൽ നിയമിതനായത്

  **അശ്വിനി ലോഹാനി**

  - നെഹ്റു മ്യൂസിയം ആന്റ് ലൈബ്രറി സൊസൈറ്റിയാണ് പ്രൈം മിനിസ്റ്റേഴ്സ് മ്യൂസിയം & ലൈബ്രറി സൊസൈറ്റി എന്നറിയപ്പെടുന്നത്.

## Award

- 2025-ൽ Dostoevsky Star അവാർഡിന് അർഹനായ ഇന്ത്യൻ എഴുത്തുകാരൻ

  **ജാവേദ് അക്തർ**

  - ഈ നേട്ടം സ്വന്തമാക്കിയ ആദ്യ ഇന്ത്യക്കാരൻ
  - പത്മശ്രീ (1999), പത്മഭൂഷൺ (2007), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (2013, കവിതാ സമാഹാരം - ലാവ (ഉർദു) എന്നിവ ലഭിച്ചിട്ടുണ്ട്.

- 2025-ൽ സസകാവ അവാർഡ് നേടിയ ഇന്ത്യക്കാരൻ

  **Dr. Mrutyunjay Mohapatra**

  - ഇന്ത്യയുടെ സൈക്ലോൺ മാൻ എന്നറിയപ്പെടുന്നു.
  - ദുരന്ത സാധ്യത ലഘൂകരണത്തിന് ഐക്യരാഷ്ട്ര സംഘടന നൽകുന്ന പുരസ്കാരമാണിത്

## National

- അടുത്തിടെ 2025-35 കാലയളവിനെ 'ഹൈഡ്രോ പവർ ദശകം' ആയി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം

  **അരുണാചൽ പ്രദേശ്**

  - അരുണാചൽ പ്രദേശ് മുഖ്യമന്ത്രി - പേമ ഖാണ്ഡു

## International

- 2025-ലെ ലോക രക്തദാതാക്കളുടെ ദിനത്തിന്റെ പ്രമേയം

  **Give blood, Give hope : together we save lives**

  - എല്ലാ വർഷവും ജൂൺ 14 ലോക രക്തദാതാക്കളുടെ ദിനമായി ആചരിക്കുന്നു

## Sports

- 2025 ഫിഫ ക്ലബ്ബ് ലോകകപ്പിന്റെ ഉദ്ഘാടന മത്സരത്തിൽ ഏറ്റുമുട്ടുന്നത്

  **ഇന്റർ മയാമി Vs അൽ അഹ്‌ലി**

  - വേദി - **യു.എസ്.എ**
  - 32 ടീമുകൾ പങ്കെടുക്കുന്നു

- T 20 ക്രിക്കറ്റിൽ ഒരു ഇന്നിംഗ്സിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം

  **ഫിൻ അലൻ** (19)

- ഇതുവരെയുള്ള എല്ലാ ഫിഫ ലോകകപ്പിലും യോഗ്യത നേടിയ ഏക ടീം

  **ബ്രസീൽ**

  - 2026 ഫിഫ ലോകകപ്പിന് ബ്രസീൽ യോഗ്യത നേടി
  - ഏറ്റവും കൂടുതൽ ഫുട്ബോൾ ലോകകപ്പ് നേടിയതും ബ്രസീലാണ് (1958, 1962, 1970, 1994, 2002)
  - 2026 ഫിഫ ലോകകപ്പ് വേദി - **യു.എസ്.എ., കാനഡ, മെക്സിക്കോ**
  - 1930-ലാണ് ആദ്യ ഫുട്ബോൾ ലോകകപ്പ് നടന്നത്

## Today's MCQ

1. ഗ്ലോബൽ ജെൻഡർ ഗ്യാപ് ഇൻഡക്സ് 2025-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം ഏത് ?

   (a) ഫിൻലന്റ് (b) ഐസ്‌ലന്റ്

   (c) നോർവെ (d) സ്വിറ്റ്സർലന്റ്

2. 2025 ജൂൺ 12 ന് അഹമ്മദാബാദിൽ അപകടത്തിൽപ്പെട്ട വിമാനം ഏത് ?

   (a) ബോയിംഗ് 777-7 ഡ്രീംലൈനർ (b) ബോയിംഗ് 737-8 ഡ്രീംലൈനർ

   (c) ബോയിംഗ് 797-7 ഡ്രീംലൈനർ (d) ബോയിംഗ് 787-8 ഡ്രീംലൈനർ

**Ans : 1 (b), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




VALUE ADDED POINTS

**16.06.2025**
**17.06.2025**

7845 89 44 92
8590 57 5710
veranda.talentkerala.com
FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS
# STUDY NOTES 16.06.2025 - 17.06.2025

## Appointment

- 2025-ൽ ഇ-സ്പോർട്സ് വേൾഡ്കപ്പിന്റെ ഗ്ലോബൽ അംബാസഡറായി നിയമിതനായത്

  **ക്രിസ്റ്റ്യാനോ റൊണാൾഡോ**

  - ആഗോളതലത്തിൽ ഇ-സ്പോർട്സ് വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള റിയാദ് ആസ്ഥാനമാക്കിയ സംഘടനയാണിത്.

## Kerala

- വയോജനങ്ങളുടെ ഏകാന്തത അകറ്റാൻ സർക്കാർ തയ്യാറാക്കുന്ന പദ്ധതി

  **സല്ലാപം**

  - പുതിയ സുഹൃത്തുക്കളെ കണ്ടെത്തുക, യുവാക്കളുമായുള്ള ബന്ധം ദൃഢപ്പെടുത്തുക എന്നിവയ്ക്കായി ഫോൺ എ ഫ്രണ്ട് മാതൃകയിലാണ് പദ്ധതി.

- സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ കുട്ടികൾക്കായി ആരംഭിക്കുന്ന ഇന്റർനെറ്റ് റേഡിയോ

  **റേഡിയോ നെല്ലിക്ക**

  - കുട്ടികൾക്കിടയിലെ മാനസികസംഘർഷങ്ങൾ, ലഹരി-സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ, ആത്മഹത്യ, സോഷ്യൽമീഡിയ അഡിഷൻ എന്നിവ വർദ്ധിക്കുന്നത് തടയാൻ ലക്ഷ്യമിട്ടാണ് റേഡിയോ ആരംഭിക്കുന്നത്.
  - കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട റൈറ്റ് ടേൺ, ഫോൺ-ഇൻ പരിപാടി ഇമ്മിണി ബല്യകാര്യം, ആകാശദൂത്, റേഡിയോ ചാറ്റ് പ്രോഗ്രാമായ അങ്കിൾ ബോസ് എന്നിവയാണ് പ്രധാന പരിപാടികൾ

## National

- അടുത്തിടെ ഏഴു പേരുടെ മരണത്തിന് കാരണമായ ഹെലികോപ്റ്റർ അപകടം ഉണ്ടായ സംസ്ഥാനം

  **ഉത്തരാഖണ്ഡ്**

  - കേദാർനാഥ് തീർത്ഥാടകസംഘം മടങ്ങിയ ആര്യൻ പ്രൈവറ്റ് ലിമിറ്റഡിന്റെ ബെൽ 407 ഹെലികോപ്റ്ററാണ് തകർന്നു വീണത്.

- ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ആദ്യ ആൽക്കഹോൾ ലേബൽ

  **ചിറാപുഞ്ചി ജിൻ**

  - ഷില്ലോങ്ങിലെ മയൂഖ് ഹസാരിക സ്ഥാപിച്ച ചിറാപുഞ്ചി ഈസ്റ്റേൺ ക്രാഫ്റ്റ്ഡ് ജിൻ മഴ വെള്ളത്തിൽ നിന്ന് വാറ്റിയെടുത്തതാണ്.

- ലോക്പാലിന്റെ പുതിയ മോട്ടോ

  **Empower Citizens, Expose Corruption**

  - ലോക്പാൽ & ലോകായുക്ത നിയമം, 2013 നിലവിൽ വന്നത് - **2014 ജനുവരി 16**
  - നിലവിലെ ലോക്പാൽ ചെയർമാൻ - **അജയ് മണിക്റാവു ഖാൽവിൽക്കർ**
  - ആസ്ഥാനം - **ന്യൂഡൽഹി**

- 2024-2025 സാമ്പത്തിക വർഷത്തിൽ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചതിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത്

  **കർണാടക**

  - രണ്ടാം സ്ഥാനത്ത് - **തമിഴ്നാട്**
  - മൂന്നാം സ്ഥാനത്ത് - **ഗുജറാത്ത്**

- ഇന്ത്യയിലെ ആദ്യത്തെ അണ്ടർവാട്ടർ മ്യൂസിയവും കൃത്രിമ പവിഴപ്പുറ്റും നിലവിൽ വരുന്നത്

  **സിന്ധുദുർഗ്** (മഹാരാഷ്ട്ര)

  - ഡീകമ്മിഷൻ ചെയ്ത INS ഗുൽദാറിന് ചുറ്റുമായിട്ടാണ് അണ്ടർവാട്ടർ മ്യൂസിയവും കൃത്രിമ പവിഴപ്പുറ്റും നിലവിൽ വരുന്നത്

## International

- 2025-ൽ ബ്രിക്സിൽ പങ്കാളി രാജ്യമായി ചേർന്നത്

  **വിയറ്റ്നാം**

  - ബെലാറസ്, ബൊളീവിയ, കസാക്കിസ്ഥാൻ, ക്യൂബ, മലേഷ്യ, നൈജീരിയ, തായ്ലന്റ്, ഉഗാണ്ട, ഉസ്ബെക്കിസ്ഥാൻ എന്നിവയ്ക്കൊപ്പം വിയറ്റ്നാം പത്താമത്തെ ബ്രിക്സ് പങ്കാളി രാജ്യമായി
  - 2024-ൽ കസാനിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിലാണ് പങ്കാളി-രാജ്യ വിഭാഗം സ്ഥാപിതമായത്
  - ബ്രിക്സ് സ്ഥാപിതമായത് - 2009

## Science & Technology

- ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനം ടെസ്റ്റ് ചെയ്യാനും കാര്യക്ഷമത ഉറപ്പാക്കാനുമായി ടെക്നോപാർക്ക് കമ്പനി നിർമ്മിച്ച സംവിധാനം

  **ഡാറ്റോസ്കൂപ്പ്**

  - ടാക്ക്ലോഗ് എന്ന ഇലക്ട്രോണിക് ഡിസൈൻ കമ്പനിയാണിത് നിർമ്മിച്ചത്.

- അടുത്തിടെ ദക്ഷിണേന്ത്യയിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം ജമ്പിംഗ് സ്പൈഡർ സ്പീഷീസ്

  **Spartaeus Karigiri**

  - തെക്കുകിഴക്കൻ ഏഷ്യയിലും ആഫ്രിക്കയിലും മാത്രം കാണപ്പെടുന്ന ഈ ജീനസുകൾ ഇന്ത്യയിൽ കണ്ടെത്തുന്നത് ആദ്യമായാണ്

## Sports

- 2025 ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ കിരീടം നേടിയത്

  **ദക്ഷിണാഫ്രിക്ക** (ക്യാപ്റ്റൻ - തെംബ ബാവുമ)

  - ഫൈനലിൽ ആസ്ട്രേലിയയ്ക്കെതിരെ 5 വിക്കറ്റിന് ജയം നേടി

    (ആസ്ട്രേലിയൻ ക്യാപ്റ്റൻ - പാറ്റ് കമ്മിൻസ്)

  - ഫൈനലിലെ താരം - **എയ്ഡൻ മാർക്രം**
  - 27 വർഷത്തിനുശേഷമാണ് ICC കിരീടം ദക്ഷിണാഫ്രിക്ക നേടുന്നത്.

## Today's MCQ

1. അടുത്തിടെ 2025-35 കാലയളവിനെ 'ഹൈഡ്രോ പവർ ദശകം' ആയി ആചരിക്കാൻ തീരുമാനിച്ച സംസ്ഥാനം ഏത് ?

   (a) മേഘാലയ (b) അരുണാചൽ പ്രദേശ്

   (c) അസം (d) സിക്കിം

2. അടുത്തിടെ ചാണക്യ യൂണിവേഴ്സിറ്റി ചാൻസലറായി നിയമിതനായത് ആര് ?

   (a) കെ.ശിവൻ (b) എ.എസ്. കിരൺ കുമാർ

   (c) എസ്. സോമനാഥ് (d) വി. നാരായണൻ

**Ans : 1 (b), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



VALUE ADDED POINTS

**18.06.2025**

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 18.06.2025

## Appointment

- ബ്രിട്ടീഷ് രഹസ്യാമ്പേഷണ ഏജൻസിയായ എം.ഐ. 6 ന്റെ മേധാവിയായി നിയമിതയാകുന്നത്.

  **Blaise Metreweli**

  - എം.ഐ. 6-ന്റെ മേധാവി 'C' എന്നാണ് അറിയപ്പെടുന്നത്.
  - ഈ സ്ഥാനത്തെത്തുന്ന ആദ്യ വനിത (18th വ്യക്തി)

## Kerala

- അടുത്തിടെ സംസ്ഥാന ഉരഗമായി പ്രഖ്യാപിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ട ജീവി

  **ചേര**

  - വന്യജീവി ബോർഡിന്റെ വരാനിരിക്കുന്ന യോഗത്തിൽ ഇത് ചർച്ച ചെയ്യപ്പെടും.
  - കർഷകന്റെ മിത്രമെന്ന് അറിയപ്പെടുന്ന ഉരഗമാണ് ചേര
- കേരളത്തിലെ ആദ്യത്തെ ചിത്രശലഭ സങ്കേതമായി (ബട്ടർഫ്‌ളൈ സാങ്ച്വറി) പ്രഖ്യാപിക്കാൻ തീരുമാനിച്ച വന്യജീവി സങ്കേതം

  **ആറളം** (കണ്ണൂർ)

  - കേരളത്തിന്റെ ഏറ്റവും വടക്കേ അറ്റത്തുള്ള വന്യജീവി സങ്കേതമാണിത്.
  - വന്യജീവി ബോർഡിന്റെ വരാനിരിക്കുന്ന യോഗത്തിൽ ഇത് ചർച്ച ചെയ്യപ്പെടും.
  - ഏഷ്യയിലെ ആദ്യ ബട്ടർഫ്‌ളൈ സഫാരി പാർക്ക് സ്ഥിതി ചെയ്യുന്നത് - **തെന്മല**
  - 1984-ൽ ആറളം വന്യജീവി സങ്കേതം സ്ഥാപിച്ചു.

## Award

- 2025-ൽ അന്നെസി ആനിമേഷൻ ഫിലിം ഫെസ്റ്റിവലിൽ സ്പെഷ്യൽ ജൂറി പുരസ്കാരം നേടിയ മലയാളി

  **സുരേഷ് എറിയാട്ട്**

  - ഇദ്ദേഹത്തിന്റെ 'ദേശി ഊൻ' എന്ന ആനിമേഷൻ ഫിലിമിനാണ് പുരസ്കാരം
  - ഇന്ത്യയിലെ കമ്പിളിയെക്കുറിച്ചും അതിനെ ആശ്രയിക്കുന്ന ആട്ടിടയരെക്കുറിച്ചുമുള്ള ഷോർട്ട് ഫിലിമാണിത്.

## National

- അമിതാഭ് കാന്ത് G20 ഷെർപ്പ സ്ഥാനം ഒഴിഞ്ഞു.
  - 2022-ൽ G20 ഷെർപ്പയായി നിയമിതനായി
  - 2023-ൽ ഇന്ത്യ G20 ഉച്ചകോടിക്ക് വേദിയായപ്പോൾ ഷെർപ്പയായിരുന്നു

    (ഒരു രാഷ്ട്ര തലവന്റെ പ്രതിനിധിയാണ് ഷെർപ്പ)
  - നീതി ആയോഗ് മുൻ സി.ഇ.ഒ. ആയിരുന്നു (2016-2022)

- ഐ.എ.എസ് കേരള കേഡർ ഉദ്യോഗസ്ഥനായ ഇദ്ദേഹം കേരള ടൂറിസം സെക്രട്ടറി, കോഴിക്കോട് ജില്ല കളക്ടർ, മത്സ്യഫെഡ് എം.ഡി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

## International

- 2025-ൽ യു.എൻ വുമൺ പുറത്തുവിട്ട ഫാക്ട് ഷീറ്റ് പ്രകാരം വനിത കാബിനറ്റ് മന്ത്രിമാരുടെ പങ്കാളിത്തം കൂടിയ മന്ത്രിസഭ

  **നിക്കരാഗ്വ** (64.3)

  - രണ്ടാമത് - **ഫിൻലന്റ്**
  - മൂന്നാമത് - **ഐസ്‌ലന്റ്**
  - 174-ാമത് - **ഇന്ത്യ** (5.6%)
  - Women in politics : 2025 എന്ന ഫാക്ട് ഷീറ്റ് പ്രകാരമാണിത്
  - കേന്ദ്രമന്ത്രി സഭയിൽ 7 വനിത മന്ത്രിമാർ ഉണ്ടെങ്കിലും 2 വനിതകൾക്ക് മാത്രമാണ് കാബിനറ്റ് പദവിയുള്ളത്.

    1. നിർമ്മലാ സീതാരാമൻ - ധനകാര്യം, കോർപ്പറേറ്റ് കാര്യം
    2. അനപൂർണ ദേവി - വനിത, ശിശുവികസനം

## Sports

- 2025 ICC വനിത ഏകദിന ലോകകപ്പിന്റെ ഉദ്ഘാടന മത്സരത്തിൽ ഏറ്റുമുട്ടുന്നത്

  **ഇന്ത്യ Vs ശ്രീലങ്ക**

  - വേദി - ഇന്ത്യ (എന്നാൽ പാകിസ്ഥാന്റെ മത്സരങ്ങൾ കൊളംബോയിലായിരിക്കും നടക്കുന്നത്)
  - ഇപ്പോൾ നടക്കുന്നത് $13^{th}$ എഡിഷൻ
  - പങ്കെടുക്കുന്ന ടീമുകൾ 8

- T20 ക്രിക്കറ്റിൽ ആദ്യമായി 3 സൂപ്പർ ഓവറുകളിലേക്ക് നീണ്ട മത്സരം

  **നേപ്പാൾ Vs നെതർലന്റ്**

  - മത്സരം നെതർലന്റ് വിജയിച്ചു.

## Today's MCQ

1. 2025 ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ കിരീടം നേടിയത്

   (a) ഓസ്ട്രേലിയ (b) ന്യൂസിലന്റ്

   (c) ഇന്ത്യ (d) ദക്ഷിണാഫ്രിക്ക

2. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ കുട്ടികൾക്കായി ആരംഭിക്കുന്ന ഇന്റർനെറ്റ് റേഡിയോ ഏത് ?

   (a) റേഡിയോ നെല്ലിക്ക (b) റേഡിയോ മിഠായി

   (c) റേഡിയോ കുളിർ (d) റേഡിയോ മധുരം

**Ans : 1 (d), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 19.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 19.06.2025

## Appointment

- 2025 ജൂണിൽ മെറ്റയുടെ ഇന്ത്യയിലെ മാനേജിംഗ് ഡയറക്ടറും മേധാവിയുമായി നിയമിതനായത്

  **അരുൺ ശ്രീനിവാസ്**

  - 2025 ജൂലൈ 1-ന് ചുമതലയേൽക്കും

## Kerala

- അറബിക്കടലിലെ സൈനികാഭ്യാസത്തിനിടയിൽ ഇന്ധനക്ഷാമം ഉണ്ടായതിനെ തുടർന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽ ലാന്റ് ചെയ്ത യുദ്ധവിമാനം

  **F - 35**

## Award

- 2025 ജൂണിൽ സൈപ്രസിന്റെ പരമോന്നത ബഹുമതിയായ 'ഗ്രാൻഡ് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മക്കാരിയോസ് III' ലഭിച്ചത്

  **നരേന്ദ്രമോദി**

  - സൈപ്രസ് പ്രസിഡന്റ് Nikos Christodoulides ആണ് സമ്മാനിച്ചത്
  - 20 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി സൈപ്രസ് സന്ദർശിക്കുന്നത്
  - കിഴക്കൻ മെഡിറ്ററേനിയൻ കടലിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണ് സൈപ്രസ് എന്ന രാജ്യം

## Book & Author

- 'A Different Kind of Power' എന്ന പുസ്തകം എഴുതിയത്

  **Jacinda Ardern**

  - ന്യൂസിലന്റിന്റെ മുൻ പ്രധാനമന്ത്രിയാണ് Jacinda

## National

- അടുത്തിടെ എയർ ഇന്ത്യ നിർത്തലാക്കിയ വിമാന നമ്പർ

  **AI 171**

  - അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട AI 171 എന്ന വിമാനം അപകടത്തിൽപ്പെട്ടിരുന്നു
  - പുതിയ നമ്പർ AI 159 ആയിരിക്കും.

- ഇന്ത്യയിലെ ഏറ്റവും വലിയ ഓട്ടോമൊബൈൽ ഗതിശക്തി കാർഗോ ടെർമിനൽ നിലവിൽ വന്നത്

  **Manesar** (ഹരിയാന)

  - ഉദ്ഘാടനം ചെയ്തത് - **അശ്വിനി വൈഷ്ണവ്** (റെയിൽവേ മന്ത്രി)

- ചീഫ്സ് ചിന്തൻ 2025-ന്റെ വേദി

  **ന്യൂഡൽഹി**

  - മുൻ കരസേനാമേധാവികളുടെ അറിവും അനുഭവവും പ്രയോജനപ്പെടുത്തികൊണ്ട് സൈന്യത്തിന്റെ നിലവിലുള്ള പരിവർത്തനത്തെയും ഭാവി തന്ത്രങ്ങളെയും നയിക്കുക എന്നതാണ് ലക്ഷ്യം.

- ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസിന്റെ ആദ്യ അസംബ്ലിയുടെ വേദി

  **ന്യൂഡൽഹി**

  - കടുവ, സിംഹം, പുള്ളിപ്പുലി, ഹിമപുലി, ചീറ്റ, ജാഗ്വർ, പ്യൂമ തുടങ്ങിയവയുടെ സംരക്ഷണ ത്തിനായി നിലവിൽ വന്ന കൂട്ടായ്മയാണ് ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസ്
  - IBCA ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നത് - **2025 ജനുവരി**

## International

- 2025 SIPRI റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ ആണവ വാർഹെഡുകളുടെ എണ്ണം

  **180**

  - പാകിസ്ഥാന് 170 ആണവ വാർഹെഡുകളാണ് ഉള്ളത്
  - ചൈനയ്ക്ക് 600 ആണവ വാർഹെഡുകളാണുള്ളത്
  - 2025 ജനുവരി വരെയുള്ള കണക്കുകൾ പ്രകാരമാണിത്.
  - SIPRI - Stockholm International Peace Research Institute

- 2025-ലെ ലോകത്തിലെ ഏറ്റവും മികച്ച എയർലൈനായി തിരഞ്ഞെടുക്കപ്പെട്ടത്

  **ഖത്തർ എയർവേയ്സ്**

  - ഇന്ത്യയുടെ ഇൻഡിഗോ എയർലൈൻ മൂന്നാം സ്ഥാനത്തുണ്ട്.
  - സ്കൈട്രാക്സ് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരമാണിത്.

- UNGA അന്താരാഷ്ട്ര വനിതാ കർഷക വർഷമായി ആചരിക്കുന്നത്

  **2026**

  - 2025 - ക്വാണ്ടം സയൻസ് ആൻഡ് ടെക്നോളജിയുടെ അന്താരാഷ്ട്ര വർഷം, ഹിമാനികളുടെ സംരക്ഷണത്തിന്റെ അന്താരാഷ്ട്ര വർഷം, അന്താരാഷ്ട്ര സഹകരണ വർഷം, സമാധാനത്തി ന്റെയും വിശ്വാസത്തിന്റെയും അന്താരാഷ്ട്ര വർഷം
  - 2024 - **ഇന്റർനാഷണൽ ഇയർ ഓഫ് കാമലിഡ്സ്**
  - 2023 - **ചെറുധാന്യ വർഷം**

## Science & Technology

- അടുത്തിടെ ജയ്പൂരിനടുത്ത് ആരവല്ലി കുന്നുകളിൽ കണ്ടെത്തിയ പുതിയ സസ്യ ഇനം

  **പോർട്ടുലാക്ക ഭാരത്**

## Defence

- അടുത്തിടെ ഇന്ത്യൻ കോസ്റ്റ് ഗാർഡിനുവേണ്ടി ഗോവ ഷിപ്പ്യാർഡ് നിർമ്മിച്ച അഞ്ചാമത്തെ ഫാസ്റ്റ് പട്രോൾ വെസ്സൽ

  **അചൽ**

  - ഇന്ത്യൻ കോസ്റ്റ് ഗാർഡിനുവേണ്ടി നിർമ്മിക്കുന്ന എട്ട് ഫാസ്റ്റ് പട്രോൾ വെസ്സലുകളിൽ അഞ്ചാമത്തെതാണ് അചൽ

## Sports

- 2025 കനേഡിയൻ ഗ്രാന്റ്പ്രിക്സ് ജേതാവായത്

  **ജോർജ് റസ്സൽ**

## Today's MCQ

1. 2025-ൽ യു.എൻ വുമൺ പുറത്തുവിട്ട ഫാക്ട് ഷീറ്റ് പ്രകാരം വനിത കാബിനറ്റ് മന്ത്രിമാരുടെ പങ്കാളിത്തം കൂടിയ മന്ത്രിസഭ ?

   (a) ഫിൻലന്റ്  (b) ഐസ്‌ലന്റ്

   (c) നിക്കരാഗ്വ  (d) ഇന്ത്യ

2. കേരളത്തിലെ ആദ്യത്തെ ചിത്രശലഭ സങ്കേതമായി (ബട്ടർഫ്ളൈ സാങ്ച്വറി) പ്രഖ്യാപിക്കാൻ തീരുമാനിച്ച വന്യജീവി സങ്കേതം

   (a) ആറളം  (b) വയനാട്

   (c) നെയ്യാർ  (d) മംഗളവനം

**Ans : 1 (c), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം...




## VALUE ADDED POINTS

## 20.06.2025


7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 20.06.2025

## Awards

- 2025-ലെ മലയാള ഭാഷയ്ക്കുള്ള കേന്ദ്ര സാഹിത്യ അക്കാദമി ബാലസാഹിത്യ പുരസ്കാരം നേടിയത്

**ശ്രീജിത്ത് മൂത്തേടത്ത്**

- **പെൻഗ്വിനുകളുടെ വൻകരയിൽ** എന്ന നോവലിനാണ് പുരസ്കാരം
- ചൊവ്വ ഗ്രഹത്തിലെ അന്തേവാസിയായ സാനിയയോടൊപ്പം കുട്ടികൾ ദക്ഷിണധ്രുവത്തിലേക്ക് പോകുന്നു. ആ യാത്രയുടെ വിശേഷങ്ങളാണ് നോവലിൽ പറഞ്ഞിരിക്കുന്നത്

**ശ്രീജിത്ത് മൂത്തേടത്തിന്റെ മറ്റ് രചനകൾ**

- ആന അനാട്ടമി, പൗർണമി മുതൽ പൗർണമി വരെ, പാലറ്റ്, ആഫ്രിക്കൻ തുമ്പികൾ, അറിവ് മുറിവ്, ചക്കരപ്പാടം, കുരുവികളുടെ ലോകം.
- സമ്മാനത്തുക - **50,000 രൂപ**
- 2024-ലെ ബാലസാഹിത്യ പുരസ്കാരം - **ഉണ്ണി അമ്മയമ്പലം**

  (നോവൽ : **അൽഗോരിതങ്ങളുടെ നാട്**)
- 2023-ലെ ബാലസാഹിത്യ പുരസ്കാരം - **പ്രിയ എ.എസ്.**

  (കൃതി : **പെരുമഴയത്തെ കുഞ്ഞിതളുകൾ**)

- 2025-ലെ മലയാള ഭാഷയ്ക്കുള്ള കേന്ദ്ര സാഹിത്യ അക്കാദമി യുവ പുരസ്കാരം നേടിയത്

**അഖിൽ പി ധർമജൻ**

- **റാം C/O ആനന്ദി** എന്ന നോവലിനാണ് പുരസ്കാരം
- റാം, ആനന്ദി, മല്ലി, രേഷ്മ, വെട്രി എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ
- സമ്മാനത്തുക - **50,000 രൂപ**

**അഖിൽ പി ധർമ്മജന്റെ മറ്റ് പുസ്തകങ്ങൾ**

**ഓജോ ബോർഡ്, മെർക്കുറി ഐലന്റ്, രാത്രി 12 നു ശേഷം**

- 2024-ലെ യുവ പുരസ്കാരം - **ആർ. ശ്യാംകൃഷ്ണൻ**

  (മീശക്കള്ളൻ - ചെറുകഥ)
- 2023-ലെ പുരസ്കാരം - **ഗണേഷ് പുത്തൂർ** (അച്ഛന്റെ അലമാര - കവിതാ സമാഹാരം)

## Kerala

- പെട്രോൾ പമ്പിലെ ശുചിമുറികൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാവില്ല എന്ന പ്രസ്താവന നടത്തിയ കോടതി

**കേരള ഹൈക്കോടതി**

- കേരളത്തിലെ ആദ്യ ബട്ടർഫ്ളൈ സാങ്ചറി

**ആറളം**

  - ആറളം വന്യജീവി സങ്കേതത്തെ ബട്ടർഫ്ളൈ സാങ്ചറി ആക്കാനുള്ള തീരുമാനം വന്യജീവി ബോർഡ് യോഗം ശരിവച്ചു.
  - മുഖ്യമന്ത്രിയായിരുന്നു യോഗത്തിന്റെ അധ്യക്ഷൻ
  - ചേരയെ സംസ്ഥാന ഉരഗമായി പ്രഖ്യാപിക്കാനുള്ള നിർദ്ദേശം മാറ്റിവച്ചു.

- നവപുരം മതാതീത ദേവാലയം സ്ഥിതി ചെയ്യുന്നത്

**കണ്ണൂർ**

  - പുസ്തകത്തെ ദൈവമായി ആരാധിക്കുന്ന ദേവാലയമാണിത്
  - ഇവിടെത്തെ വഴിപാടും പ്രസാദവും പുസ്തകമാണ്
  - സ്ഥാപിച്ചത് - **പ്രാപ്പൊയിൽ നാരായണൻ**
  - ദേശീയ വായനാ ദിനം - **ജൂൺ 19**

  (പി.എൻ. പണിക്കരുടെ ചരമദിനമാണ് വായനാ ദിനമായി ആചരിക്കുന്നത്)

- ഇന്ത്യയിലെ ആദ്യ ഡിസൈനർ മൃഗശാല

**പുത്തൂർ സുവോളജിക്കൽ പാർക്ക്** (തൃശൂർ)

  - ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ മൃഗശാല കൂടിയാണിത്
  - 2025 സെപ്റ്റംബറോടെ പ്രവർത്തനം ആരംഭിക്കും

## Book & Author

- 'ബ്രാൻഡഡ് ബട്ടൂര' എന്ന പുസ്തകത്തിന്റെ രചയിതാവ്

**മനു രമാകാന്ത്**

## International

- ഇറാൻ-ഇസ്രായേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിൽ കുടുങ്ങിയ ഇന്ത്യാക്കാരെ ഒഴിപ്പിക്കാൻ ഇന്ത്യ നടത്തുന്ന ഓപ്പറേഷൻ

**ഓപ്പറേഷൻ സിന്ധു**

  - പഹൽഗാം ഭീകരാക്രമണത്തിന് തിരിച്ചടിയായി ഇന്ത്യ നടത്തിയ സൈനിക നടപടി

**ഓപ്പറേഷൻ സിന്ദൂർ**

  - ഭൂകമ്പം ബാധിച്ച മ്യാൻമറിനെ സഹായിക്കാൻ ഇന്ത്യ നടത്തിയ രക്ഷാപ്രവർത്തനം

**ഓപ്പറേഷൻ ബ്രഹ്മ**

  - ഹെയ്തി കലാപ സമയത്ത് ഇന്ത്യ നടത്തിയ രക്ഷാപ്രവർത്തനം - **ഓപ്പറേഷൻ ഇന്ദ്രാവതി**

- അടുത്തിടെ ട്രംപിന്റെ പേരിൽ പ്രഖ്യാപിക്കപ്പെട്ട മൊബൈൽ കമ്പനി

**ട്രംപ് മൊബൈൽ**

  - ഇതിന് പുറമേ T1 ഫോൺ പുറത്തിറക്കുമെന്നും പ്രഖ്യാപിച്ചു

- ഇറാന്റെ ആക്രമണങ്ങൾ പ്രതിരോധിക്കാൻ ഇസ്രായേൽ കൊണ്ടുവന്ന പ്രതിരോധ സംവിധാനം

**ലൈറ്റ്നിങ് ഷീൽഡ്** (ബരാക് മഗേൻ എന്നും അറിയപ്പെടുന്നു)

## Space

- പ്രോബ 3 ബഹിരാകാശത്ത് ആദ്യത്തെ കൃത്രിമ സൂര്യഗ്രഹണം സൃഷ്ടിച്ചു
  - സൂര്യന്റെ കൊറോണയെക്കുറിച്ച് പഠിക്കാനുള്ള യൂറോപ്യൻ സ്പേസ് ഏജൻസിയുടെ ദൗത്യ മായിരുന്നു ഇത്
  - 2024 ഡിസംബർ 5 ന് PSLV C59 എന്ന വാഹനത്തിൽ ശ്രീഹരിക്കോട്ടയിൽ നിന്ന് വിക്ഷേപിച്ചു
  - സൂര്യഗ്രഹണ സമയത്ത് മാത്രമേ കൊറോണ ദൃശ്യമാവുകയുള്ളു അതിനാലാണ് **കൊറോണാഗ്രാഫ്, ഒക്ക്യുൽറ്റർ** എന്നിവയുടെ സഹായത്തോടെ കൃത്രിമ സൂര്യഗ്രഹണം സാധ്യമാക്കിയത്

## Sports

- കൊച്ചി ടസ്കേഴ്സിന് 538 കോടി രൂപ നഷ്ട പരിഹാരം നൽകാനുള്ള ആർബ്രിട്രൽ ട്രിബ്യൂണലിന്റെ തീരുമാനം ശരിവെച്ച കോടതി

**ബോംബെ ഹൈക്കോടതി**

  - 2011 സീസണിൽ ഐ.പി.എൽ. കളിച്ച ടീമാണ് കൊച്ചി ടസ്ക്കേഴ്സ് കേരള

## Demise

- 2025 ജൂണിൽ ഇസ്രായേൽ ആക്രമണത്തെ തുടർന്ന് കൊല്ലപ്പെട്ട ഇറാനിയൻ കവയിത്രി

**പർണിയ അബ്ബാസി**

  - 'The Extinguished Star' എന്ന കവിത രചിച്ചു

## Today's MCQ

1. 2025 ജൂണിൽ സൈപ്രസിന്റെ പരമോന്നത ബഹുമതിയായ 'ഗ്രാൻഡ് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മക്കാരിയോസ് III' ലഭിച്ചത് ആർക്ക് ?

   (a) ദ്രൗപതി മുർമു (b) നരേന്ദ്രമോദി
   (c) എസ്. ജയശങ്കർ (d) അമിത്ഷാ

2. 2025 കനേഡിയൻ ഗ്രാന്റ്പ്രിക്സ് ജേതാവായത് ആര് ?

   (a) മാക്സ് വെസ്റ്റപ്പൻ (b) ഓസ്കാർ പിയാസ്ട്രി
   (c) ജോർജ് റെസ്സൽ (d) ചാൾസ് ലെക്ലാർക്ക്

**Ans : 1 (b), 2 (c)**

# TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 21.06.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 21.06.2025

## Important Days

- ജൂൺ 21 - **അന്താരാഷ്ട്ര യോഗ ദിനം**
  - 2025 ലെ പ്രമേയം - **Yoga for One Earth, One Health**
  - 2014-ൽ UN യോഗ ദിനം അംഗീകരിച്ചു. 2015-ൽ ആദ്യ യോഗ ദിനം ആചരിച്ചു (2015-ൽ നടക്കുന്നത് 11-ാമത് യോഗ ദിനാചരണം)

## Kerala

- ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റിന്റെ ആസ്ഥാനം

  **കൊച്ചി**
  - ആർട്ടിസ്റ്റ് നമ്പൂതിരിയുടെ (കെ.എം. വാസുദേവൻ നമ്പൂതിരി) സ്മരണയ്ക്കായാണ് ട്രസ്റ്റ് നിലവിൽ വന്നത്.
  - ഇന്ത്യൻ ഭാഷകളിലെ സാഹിത്യ സംബന്ധിയായ ചിത്രീകരണരംഗത്ത് മികച്ച സംഭാവനകൾ നൽകിയ കലാകാരന്മാർക്ക് ട്രസ്റ്റ് അവാർഡ് ഏർപ്പെടുത്തി.
  - നമ്പൂതിരിയുടെ 100-ാം ജന്മവാർഷികത്തോടനുബന്ധിച്ച് (2025 സെപ്റ്റംബർ 13) ആദ്യ പുരസ്കാരം സമ്മാനിക്കും. (ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ആർട്ടിസ്റ്റ് നമ്പൂതിരി രൂപകൽപ്പന ചെയ്ത ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം)
  - ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ആത്മകഥ - **രേഖകൾ**
  - വരയുടെ പരമശിവൻ എന്ന് നമ്പൂതിരിയെ വിശേഷിപ്പിച്ചത് - **VKN**

    (വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ)

## Award

- 2025-ൽ ശ്രീലങ്കൻ പാർലമെന്റിൽ ആദരിക്കപ്പെട്ട മലയാള ചലച്ചിത്ര നടൻ

  **മോഹൻലാൽ**
  - 2023-ൽ മമ്മൂട്ടിയുടെ സ്റ്റാമ്പ് പുറത്തിറക്കിയ രാജ്യം

    **ഓസ്ട്രേലിയ**
- പ്രഥമ IGF ആർച്ചർ അമിഷ് സ്റ്റോറി ടെല്ലർ അവാർഡ് നേടിയത്

  **Shalini Mullick**
  - 'ദ വേ ഹോം' എന്ന നോവലിനാണ് പുരസ്കാരം
  - സമ്മാനത്തുക - 25000 ഡോളർ
- 27-ാമത് ഷാങ്ഹായ് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പ്രദർശനത്തിനായി തിരഞ്ഞെടുക്കപ്പെട്ട മലയാള ചിത്രം

  **വിക്ടോറിയ**
  - സംവിധാനം - **ശിവരഞ്ജിനി**
  - ഈ വർഷത്തെ പതിപ്പിൽ തിരഞ്ഞെടുക്കപ്പെട്ട ഏക ഇന്ത്യൻ ചിത്രമാണ്

## National

- സംവിധാൻ ഹത്യ ദിവസായി ആചരിക്കാൻ തീരുമാനിച്ച ദിവസം

  **ജൂൺ 25**

  - 1975-ലെ അടിയന്തരാവസ്ഥയുടെ 50-ാം വാർഷികം 2025-ലാണ്. ഇതിനോടനുബന്ധിച്ച് സംവിധാൻ ഹത്യ ദിവസായി ആചരിക്കണമെന്ന് കേന്ദ്ര സാംസ്കാരിക മന്ത്രാലയം സംസ്ഥാനങ്ങൾക്ക് കത്ത് നൽകി.
  - 1975 അടിയന്തരാവസ്ഥ കാലത്തെ പ്രധാനമന്ത്രി - **ഇന്ദിരാഗാന്ധി**

    (പ്രസിഡന്റ് - ഫക്രുദ്ദീൻ അലി അഹമ്മദ്)
  - 1975 അടിയന്തരാവസ്ഥ ഇന്ത്യയിലെ ആദ്യ ആഭ്യന്തര അടിയന്തരാവസ്ഥയാണ്

## International

- 2025-ൽ പുറത്തുവിട്ട Global Liveability Index പ്രകാരം ഒന്നാം സ്ഥാനത്തുള്ള നഗരം

  **കോപ്പൻഹേഗൻ** (ഡെന്മാർക്ക്)

  - രണ്ടാമത് - **വിയന്ന** (ഓസ്ട്രേിയ)
  - മൂന്നാമത് - **സൂറിച്ച്** (സ്വിറ്റ്സർലന്റ്)

## Sports

- 2025-ൽ വിരമിക്കൽ പ്രഖ്യാപിച്ച ചെക്ക് റിപ്പബ്ലിക് ടെന്നീസ് താരം

  **Petra Kvitova**

  - 2011, 2014 വിംബിൾഡൻ വനിത സിംഗിൾസ് കിരീടം നേടി
  - 2016 റിയോ ഒളിമ്പിക്സ് ടെന്നീസ് വനിത സിംഗിൾസിൽ വെങ്കലം നേടി
- ഇംഗ്ലണ്ട്, ഇന്ത്യ പുരുഷ ടെസ്റ്റ് പരമ്പര ജേതാക്കൾക്ക് നൽകുന്ന ട്രോഫി

  **ആൻഡേഴ്സൺ-തെണ്ടുൽക്കർ ട്രോഫി**

  - മുൻപ് പട്ടൗഡി ട്രോഫി ആയിരുന്നു നൽകിയിരുന്നത്
  - ഇപ്പോൾ വിജയിക്കുന്ന ടീമിന്റെ ക്യാപ്റ്റന് പട്ടൗഡി മെഡൽ നൽകും.

## Today's MCQ

1. 2025-ലെ മലയാള ഭാഷയ്ക്കുള്ള കേന്ദ്ര സാഹിത്യ അക്കാദമി യുവ പുരസ്കാരം നേടിയത്?

   (a) ആർ. ശ്യാംകൃഷ്ണൻ (b) ഗണേഷ് പുത്തൂർ

   (c) അഖിൽ പി ധർമജൻ (d) അനഘ ജെ. കോലത്ത്

2. പെട്രോൾ പമ്പിലെ ശുചിമുറികൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാവില്ല എന്ന പ്രസ്താവന നടത്തിയ കോടതി

   (a) ഡൽഹി ഹൈക്കോടതി (b) കേരള ഹൈക്കോടതി

   (c) സുപ്രീം കോടതി (d) ബോംബെ ഹൈക്കോടതി

**Ans : 1 (c), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



VIRAAJ

## VALUE ADDED POINTS

## 22.06.2025


7845 89 44 92
8590 57 5710

veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 22.06.2025

## Appointment

- 2025 ലോക പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ ബ്രാൻഡ് അംബാസഡർ

  **കങ്കണ റണാവത്ത്**

  - വേദി - **ന്യൂഡൽഹി**
  - ഭാഗ്യചിഹ്നം - **വിരാജ്** (ബ്ലേഡ് കൃത്രിമ കാലുള്ള ഒരു യുവ ആന)

- കാനഡയുടെ ഇന്ത്യൻ ഹൈക്കമ്മീഷണറായി നിയമിതനാകുന്നത്

  **ദിനേശ് കെ പട്നായിക്**

  - നിലവിൽ സ്പെയിനിന്റെ ഇന്ത്യൻ അംബാസഡറാണ് അദ്ദേഹം

## Kerala

- മാലിന്യം നീക്കാൻ ഹരിതകർമ്മ സേനാംഗങ്ങൾക്കായി തിരുവനന്തപുരം കോർപറേഷൻ നൽകിയ ഇലക്ട്രിക് ട്രൈ സൈക്കിൾ

  **ഹരിതവാഹിനി**

  - കെ-ഡിസ്ക്, സോഷ്യൽ ആൽഫാ ഫൗണ്ടേഷൻ, കില തുടങ്ങിയവ ചേർന്നാണ് പദ്ധതി തയ്യാറാക്കിയത്

## Award

- 2025 ജൂണിൽ ഫ്രഞ്ച് സർക്കാരിന്റെ പരമോന്നത ബഹുമതിയായ ഷെവലിയർ പുരസ്കാരം ലഭിച്ച മലയാളി

  **പൂയം തിരുനാൾ ഗൗരി പാർവതിഭായ്**

  - ഫ്രഞ്ച് അംബാസഡർ Thierry Mathou-വാണ് പുരസ്കാരം സമ്മാനിച്ചത്

- അന്നേസി ഫെസ്റ്റിവലിൽ മികച്ച കമ്മീഷൻഡ് ചിത്രത്തിനുള്ള ജൂറി അവാർഡ് നേടിയ ഇന്ത്യൻ ചിത്രം

  **ദേശി ഊൻ**

  - സംവിധാനം - **Suresh Eriyat**

## Book & Author

- 'ഡോക്ടർ ഹാർട്ട്' എന്ന പുസ്തകം എഴുതിയത്

  **കെ. കുഞ്ഞാലി**

  - ഹൃദയ ചികിത്സാവിദഗ്ധനായ കെ. കുഞ്ഞാലിയുടെ ആത്മകഥയാണിത്
  - പ്രകാശനം ചെയ്തത് ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള

## International

- അടുത്തിടെ വെസ്ഡിന്റെ സംസ്കൃത വ്യാകരണം പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനമായി നൽകിയ രാജ്യം

**ക്രൊയേഷ്യ**

  - ക്രൊയേഷ്യൻ ശാസ്ത്രജ്ഞനും മിഷനറിയുമായ ഫിലിപ്പ് വെസ്ഡിൻ ഇന്ത്യയിൽ താമസിച്ചിരുന്ന സമയത്ത് ഇന്ത്യൻ ഭാഷകളെയും സംസ്കാരത്തെക്കുറിച്ച് എഴുതിയ പുസ്തകമാണിത്.
  - ക്രൊയേഷ്യൻ പ്രധാനമന്ത്രി ആൻഡ്രെജ് പ്ലെൻകോവിച്ചാണ് സമ്മാനിച്ചത്.

- 2025 SCO പ്രതിരോധ മന്ത്രിമാരുടെ യോഗത്തിന്റെ വേദി

**ചൈന**

  - ഇന്ത്യയുടെ കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് യോഗത്തിൽ പങ്കെടുത്തു.
  - SCO - **Shanghai Cooperation Organisation**
  - സ്ഥാപിതമായത് - **2001**
  - ആസ്ഥാനം - **ബീജിംഗ്** (ചൈന)

- എനർജി ട്രാൻസിഷൻ ഇൻഡക്സ് 2025-ൽ ഒന്നാമതുള്ള രാജ്യം

**സ്വീഡൻ**

  - രണ്ടാമത് - **ഫിൻലന്റ്**
  - മൂന്നാമത് - **ഡെൻമാർക്ക്**
  - ഇന്ത്യയുടെ സ്ഥാനം - **71**
  - വേൾഡ് ഇക്കണോമിക് ഫോറമാണ് ഇത് പ്രസിദ്ധീകരിക്കുന്നത്

- QS റാങ്കിംഗ് 2026-ൽ ഒന്നാം സ്ഥാനത്തുള്ള യൂണിവേഴ്സിറ്റി

**Massachusetts Institute of Technology** (കേംബ്രിഡ്ജ്)

  - രണ്ടാം സ്ഥാനത്ത് - **Imperial College London**
  - മൂന്നാം സ്ഥാനത്ത് - **Stanford University, U.S**
  - ഇന്ത്യയിൽ നിന്ന് ഒന്നാമത് - **IIT ന്യൂഡൽഹി** (123)
  - രണ്ടാമത് - **IIT മുംബൈ** (129)

## Sports

- 2025-ൽ ദേശീയ സീനിയർ വനിതാ ഫുട്ബോൾ ടീമിലെത്തിയ മലയാളി താരം

**പി. മാളവിക**

  - കാസർഗോഡ് സ്വദേശിനിയായ പി. മാളവിക ഏഷ്യൻകപ്പ് യോഗ്യത റൗണ്ട് മത്സരത്തിനുള്ള ഇന്ത്യൻ ടീമിൽ ഇടം നേടി.
  - 26 വർഷത്തിനുശേഷമാണ് ഇന്ത്യൻ സീനിയർ വനിത ഫുട്ബോൾ ടീമിൽ ഒരു മലയാളി എത്തുന്നത്.

## Demise

- 2025 ജൂണിൽ അന്തരിച്ച പ്രശസ്ത ഇന്ത്യൻ എഴുത്തുകാരൻ

**Maruti Chitampalli**

- പ്രധാന രചനകൾ - വനോദയ, നിലാവന്തി, പക്ഷികോശ് എന്നിവ പ്രധാന രചനകളാണ്
- 2025-ലെ പത്മശ്രീ പുരസ്കാരം ലഭിച്ചു

## Today's MCQ

1. ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റിന്റെ ആസ്ഥാനം ഏവിടെ ?

   (a) കൊച്ചി (b) തിരുവനന്തപുരം

   (c) തൃശൂർ (d) കോഴിക്കോട്

2. 2025-ൽ ശ്രീലങ്കൻ പാർലമെന്റിൽ ആദരിക്കപ്പെട്ട മലയാള ചലച്ചിത്ര നടൻ ആര് ?

   (a) മമ്മൂട്ടി (b) മോഹൻലാൽ

   (c) ജയറാം (d) സുരേഷ് ഗോപി

**Ans : 1 (a), 2 (b)**

TALENT PSC Academy a Veranda Enterprise

**TALENT**
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം..."




## VALUE ADDED POINTS

## 23.06.2025
## 24.06.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES
# 23.06.2025 & 24.06.2025

## Kerala

- 2025 നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ വിജയിച്ചത്

  **ആര്യാടൻ ഷൗക്കത്ത്**

  - പി.വി. അൻവർ രാജിവച്ചതിനെ തുടർന്നാണ് നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് വന്നത്

## Book's & Authors

- 'Varalaru Koorum Tamil Nattu Kaasugal' എന്ന പുസ്തകം രചിച്ചത്

  **തങ്കം തേനരസ്** (തമിഴ്നാട് ധനകാര്യമന്ത്രി)

  - അറുമുഖ സീതാരാമൻ ഈ പുസ്തകരചനയിൽ സഹകരിച്ചു

## National

- 2025-ൽ പുറത്തുവിട്ട പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ് പ്രകാരം കേരളത്തിന്റെ ഗ്രേഡ്

  **പ്രചേസ്ത - 3**

  <u>പ്രധാന ഗ്രേഡുകളും സ്കോർ റേഞ്ചും</u>

  - ദക്ഷ് - 941-1000
  - ഉത്കർഷ് - 881- 940
  - അതി ഉത്തം - 821 -880
  - ഉത്തം - 761 - 820
  - പ്രചേസ്ത 1 - 701-760
  - പ്രചേസ്ത 2 - 641 - 700
  - പ്രചേസ്ത 3 - 581-640
  - ആകാൻഷി 1 - 521-580
  - ആകാൻഷി 2 - 461-520
  - ആകാൻഷി 3 - 401-460
  - ദക്ഷ് മുതൽ ഉത്തം വരെയുള്ള ഗ്രേഡുകളിലും പ്രചേസ്ത 2 ലും ഒരു സംസ്ഥാനവും ഉൾപ്പെട്ടിട്ടില്ല
  - ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനം/ കേന്ദ്രഭരണ പ്രദേശം

    **ചണ്ഡീഗഢ്** (പ്രചേസ്ത 1)
  - ഏറ്റവും മോശം പ്രകടനം - മേഘാലയ (ആകാൻഷി- 3)
  - ഏറ്റവും കൂടുതൽ സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെട്ട ഗ്രേഡ്

    **ആകാൻഷി 1** (14) (പ്രചേസ്ത 3, ആകാൻഷി 2 എന്നീ ഗ്രേഡുകളിൽ 10 വീതം )
  - 2022-23 & 2023-24 വർഷത്തെ വിവരങ്ങളാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.
  - കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും ഡിപ്പാർട്ട്മെന്റ് ഓഫ് സ്കൂൾ എഡ്യൂക്കേഷനും ചേർന്നാണ് റിപ്പോർട്ട് പുറത്ത് വിട്ടത് )

- വിവിധ സിവിൽ സർവീസ് പരീക്ഷകളിൽ അന്തിമഘട്ടത്തിലെത്തിയ ശേഷം ലക്ഷ്യം നേടാൻ കഴിയാത്തവരുടെ വിശദാംശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ കമ്പനികൾക്കും ലഭ്യമാക്കുന്ന വിധത്തിൽ യു.പി.എസ്.സി. ഒരുക്കുന്ന പോർട്ടൽ

**പ്രതിഭാ സേതു**

  - "PRITIBHA Setu - **Professional Resource and Talent Integration- Bridge for Hiring Aspirants**

## Awards

- ജെ.സി.ബി. പുരസ്കാരം നിർത്തലാക്കി
  - ഇന്ത്യയിലെ ഏറ്റവും ഉയർന്ന സമ്മാനത്തുകയുള്ള സാഹിത്യ പുരസ്കാരം
  - സമ്മാനത്തുക - **25 ലക്ഷം രൂപ**
  - പ്രഥമ ജെ.സി.ബി. പുരസ്കാരം - (2018) **ബെന്യാമിൻ** (കൃതി - **മുല്ലപ്പൂനിറമുള്ള പകലുകൾ**)
  - എസ്. ഹരീഷ് (2020,മീശ), എം. മുകുന്ദൻ (2021, ദൽഹി ഗാഥകൾ) എന്നിവയ്ക്കും ജെ.സി.ബി. പുരസ്കാരം ലഭിച്ചിട്ടുണ്ട്
  - 2024 ജെ.സി.ബി പുരസ്കാരം - **ഉപമന്യു ചാറ്റർജി**

    (ലൊറെൻസോ സെർച്ചസ് ഫോർ ദ മീനിംഗ് ഓഫ് ലൈഫ്)

## International

- ഇറാന്റെ ആണവകേന്ദ്രങ്ങളിൽ യു.എസ്. നടത്തിയ ആക്രമണത്തിന് നൽകിയ പേര്

**ഓപ്പറേഷൻ മിഡ്നൈറ്റ് ഹാമ്മർ**

  - ഇറാനിലെ ഫൊർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നീ കേന്ദ്രങ്ങളാണ് ആക്രമിച്ചത്
  - ഇതിന് പിന്നാലെ ഹോർമൂസ് കടലിടുക്ക് അടയ്ക്കുമെന്നും ഇറാൻ തീരുമാനമെടുത്തു

## Space

- 2025-ൽ SSLV റോക്കറ്റിന്റെ നിർമ്മാണാനുമതി നേടിയ സ്ഥാപനം

**HAL** (ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്)

  - SSLV - **സ്മാൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ**
  - ഭൂമിയുടെ താഴ്ന്ന ഭ്രമണപഥത്തിലേക്ക് ഉപഗ്രഹങ്ങളെ എത്തിക്കുകയാണ് SSLV യുടെ ദൗത്യം

## Sports

- 2025 പാരീസ് ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ സ്വർണം നേടിയത്

**നീരജ് ചോപ്ര**

  - രണ്ട് തവണ ഒളിംപിക് മെഡൽ നേടിയ താരമാണ് നീരജ് ചോപ്ര (2020 ടോക്കിയോ (സ്വർണം), 2024 പാരീസ് (വെള്ളി)
- 2025-ൽ അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ നിന്നും വിരമിച്ച ശ്രീലങ്കൻ താരം

**ആഞ്ചലോ മാത്യൂസ്**

- 2025 FIH പുരുഷ ജൂനിയർ ഹോക്കി ലോകകപ്പ് വേദി

**തമിഴ്നാട്**

  - 2025-ൽ നടക്കുന്നത് 14th എഡിഷനാണ്
  - മധുരൈ, ചെന്നൈ എന്നിവിടങ്ങളിൽ നടക്കും

- SENA രാജ്യങ്ങളിൽ നിന്നായി 150 ടെസ്റ്റ് വിക്കറ്റ് നേടിയ ആദ്യ ഏഷ്യൻ ബൗളർ

**ജസ്പ്രീത് ബുംറ**

(SENA- ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ട്, ന്യൂസിലന്റ്, ഓസ്ട്രേലിയ)

## Today's MCQ

1. 2025 SCO പ്രതിരോധ മന്ത്രിമാരുടെ യോഗത്തിന്റെ വേദി എവിടെ ?

(a) ചൈന (b) ഇന്ത്യ

(c) റഷ്യ (d) കസാക്കിസ്ഥാൻ

2. എനർജി ട്രാൻസിഷൻ ഇൻഡക്സ് 2025-ൽ ഒന്നാമതുള്ള രാജ്യം ?

(a) നോർവെ (b) ഫിൻലന്റ്

(c) സ്വീഡൻ (d) ഡെൻമാർക്ക്

**Ans : 1 (a), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം...



## VALUE ADDED POINTS

## 25.06.2025

7845 89 44 92
8590 57 5710
veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 25.06.2025

## Appointment

- നിലവിലെ ഇന്റർനാഷണൽ ഒളിംപിക് കമ്മിറ്റി പ്രസിഡന്റ്

  **Kirsty Coventry** (10th പ്രസിഡന്റ്)

  - 2025 ജൂൺ 23-ന് അധികാരമേറ്റു
  - ഈ സ്ഥാനത്തെത്തിയ ആദ്യ വനിത, ആഫ്രിക്കയിൽ നിന്നും ഈ സ്ഥാനത്തെത്തിയ ആദ്യ വ്യക്തി എന്നീ നേട്ടങ്ങളും Coventry സ്വന്തമാക്കി
- 2004, 2008 ഒളിംപിക്സുകളിൽ പങ്കെടുത്തു. (7 ഒളിംപിക് മെഡലുകൾ നേടിയിട്ടുണ്ട്)
  - മുൻ സിംബാബ്‌വൻ നീന്തൽ താരമാണ്

## Kerala

- വെള്ളയമ്പലത്ത് വാട്ടർ മ്യൂസിയം സ്ഥാപിക്കാൻ ഒരുങ്ങുന്നു.
  - വാട്ടർ അതോറിറ്റിയുടെ ചരിത്രം വെളിപ്പെടുത്തുന്നതാണ് മ്യൂസിയം
  - കേരള വാട്ടർ അതോറിറ്റിയുടെ ആസ്ഥാനം - **ജലഭവൻ** (വെള്ളയമ്പലം)
  - നിലവിലെ ജലവിഭവ വകുപ്പ് മന്ത്രി - **റോഷി അഗസ്റ്റിൻ**
- തോട്ടം തൊഴിലാളികൾക്കായുള്ള ലയം ഹൗസിങ് സ്കീം നടപ്പാക്കിയ ആദ്യ ജില്ല

  **ഇടുക്കി**

  - തോട്ടം മേഖലയിലെ ലായങ്ങൾ നവീകരിക്കാനും നിർമ്മിക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് ലയം ഭവന പദ്ധതി
- വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

## National

- 2025-ൽ 40-ാം വാർഷികം ആചരിക്കപ്പെട്ട വിമാന ദുരന്തം

  **കനിഷ്ക വിമാന ദുരന്തം** (Air India Flight 182)

  - അയർലന്റിൽ വച്ചാണ് അപകടം ഉണ്ടായത് (ബോംബാക്രമണത്തെ തുടർന്നാണ് അപകടം)
- ഹൈക്കോടതിയിലും ജില്ല കോടതിയിലും അംബേദ്ക്കറിന്റെ ഫോട്ടോ നിർബന്ധമാക്കിയ ഹൈക്കോടതി

  **കർണാടക ഹൈക്കോടതി**

- ഇന്ത്യയിലാദ്യമായി മൊബൈൽ അധിഷ്ഠിത ഇ-വോട്ടിംഗ് സംവിധാനം നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനം

  **ബീഹാർ**

  - 2025 ജൂണിൽ നടക്കാനിരിക്കുന്ന ബീഹാർ മുനിസിപ്പൽ, നഗരസഭ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ളള തിരഞ്ഞെടുപ്പിൽ ഇത് ഉപയോഗിക്കും.
  - കുടിയേറ്റ തൊഴിലാളികൾ, വികലാംഗർ, ഗർഭിണികൾ, ഗുരുതര രോഗബാധിതർ, പ്രായമായവർ എന്നിവർക്കാണ് ഈ സിസ്റ്റം ഉപയോഗിച്ച് വോട്ട് ചെയ്യാൻ കഴിയുന്നത്.

- അടുത്തിടെ ഘരിയൽ സംരക്ഷണത്തിന് തുടക്കം കുറിച്ച കതർണിയഘട്ട് വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്നത്

**ഉത്തർപ്രദേശ്**

  - ഗെരുവാ നദിയിലാണ് തുടക്കം കുറിച്ചത്

## International

- ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രായേലിൽ കുടുങ്ങിയ ഇന്ത്യക്കാരെയും തിരികെയെത്തിക്കാൻ തുടങ്ങി
  - ഇസ്രായേൽ-ഇറാൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യ ഓപ്പറേഷൻ സിന്ധു ആരംഭിച്ചത്
  - ഇന്ത്യൻ പൗരന്മാർക്ക് പുറമേ നേപ്പാൾ, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ പൗരന്മാരെയും ഇന്ത്യ ഒഴിപ്പിക്കുന്നുണ്ട്.
- അടുത്തിടെ മാരകരോഗികൾക്ക് ദയാവധം നിയമ വിധേയമാക്കിയത്

**യു.കെ**

- 2025 അന്താരാഷ്ട്ര ഒളിംപിക് ദിനത്തിന്റെ പ്രമേയം

**Let's Move**

  - ഇന്റർനാഷണൽ ഒളിംപിക് കമ്മിറ്റി രൂപീകൃതമായതിന്റെ (1894 ജൂൺ 23) ഓർമ്മയ്ക്കായി ഈ ദിനം ആചരിക്കുന്നു.
  - ആദ്യമായി ആചരിച്ചത് 1948
- ലോകത്തിലെ ആദ്യ ഇലക്ട്രിക് വിമാനം

**Alia CX 300**

## Sports

- 2025 ജൂണിൽ 150-ാം ജന്മവാർഷികം ആചരിക്കപ്പെട്ട ബ്രിട്ടീഷ്-ഇന്ത്യൻ അത്‌ലറ്റ്

**നോർമൻ പ്രിച്ചാർഡ്**

  - ഇന്ത്യയ്ക്കായി ഒളിംപിക്സിൽ മെഡൽ നേടിയ ആദ്യ വ്യക്തിയും, ഇന്ത്യയ്ക്കായി ഒരു ഒളിംപിക്സിൽ 2 മെഡൽ നേടിയ ആദ്യ വ്യക്തിയും ഇദ്ദേഹമാണ്.
  - 1900-ലെ പാരീസ് ഒളിംപിക്സിൽ 200 മീറ്റർ ഓട്ടത്തിലും 200 മീറ്റർ ഹർഡിൽസിലും വെള്ളി മെഡൽ നേടി.
  - 1875 ജൂൺ 23 നാണ് ഇദ്ദേഹം ജനിച്ചത്

## Demise

- 2025 ജൂണിൽ അന്തരിച്ച മുൻ ഇംഗ്ലണ്ട് ക്രിക്കറ്റർ

**ഡേവിഡ് ലോറൻസ്**

  - മോട്ടർ ന്യൂറോൺ രോഗബാധയെ തുടർന്നാണ് മരണം

## Today's MCQ

1. 2025-ൽ പുറത്തുവിട്ട പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡക്സ് പ്രകാരം കേരളത്തിന്റെ ഗ്രേഡ്

   (a) പ്രചേസ്ത-1 (b) പ്രചേസ്ത-2

   (c) പ്രചേസ്ത-3 (d) ആകാൻഷി-1

2. 2025 FIH പുരുഷ ജൂനിയർ ഹോക്കി ലോകകപ്പ് വേദി

   (a) തമിഴ്നാട് (b) ബീഹാർ

   (c) ഒഡീഷ (d) ഗുജറാത്ത്

**Ans : 1 (c), 2 (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം..."




## VALUE ADDED POINTS

## 26.06.2025


7845 89 44 92
8590 57 5710
veranda.talentkerala.com



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 26.06.2025

## Kerala

- കേരള നിയമസഭ ഭരണഘടന നിർമ്മാണ ചർച്ചകൾ മലയാളത്തിലാക്കി
  - ആദ്യമായാണ് ഒരു പ്രാദേശിക ഭാഷയിൽ ചർച്ചകൾ പരിഭാഷപ്പെടുത്തുന്നത്.
- കേരളത്തിന്റെ ഭൂമി പരിപാലനവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പരിചയപ്പെടുത്താൻ നടത്തുന്ന ഡിജിറ്റൽ സർവേ കോൺക്ലേവ്

  **ഭൂമി**
  - വേദി - **തിരുവനന്തപുരം**
  - റവന്യൂ, സർവേ, ഭൂരേഖ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

## Award

- 2025 ഷാങ്ഹായി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച നടിക്കുള്ള പുരസ്കാരം നേടിയത്

  **മീനാക്ഷി ജയൻ**
  - വിക്ടോറിയ എന്ന ചിത്രത്തിലെ പ്രകടനത്തിനാണ് പുരസ്കാരം
  - വിക്ടോറിയ സംവിധാനം ചെയ്തത് ശിവരഞ്ജിനി

## National

- സൽഖാൻ ഫോസിൽ പാർക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **ഉത്തർപ്രദേശ്**
  - സോൻഭദ്ര ഫോസിൽ പാർക്ക് എന്നും അറിയപ്പെടുന്നു.
  - 2025 ജൂണിൽ UNESCO യുടെ പൈതൃക കേന്ദ്രങ്ങളുടെ താത്കാലിക പട്ടികയിൽ ഇത് ഉൾപ്പെട്ടു
  - കൈമൂർ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് കിടക്കുന്ന സ്ഥലമാണിത്
- ULLAS പദ്ധതിക്ക് കീഴിൽ സമ്പൂർണ സാക്ഷരത കൈവരിച്ച 3-ാമത്തെ സംസ്ഥാനം

  **ത്രിപുര**
  - ആദ്യം - **മിസോറാം**
  - രണ്ടാമത് - **ഗോവ**
- ശിവഗിരിയിൽ ശ്രീ നാരായണ ഗുരുവും ഗാന്ധിജിയും തമ്മിൽ നടന്ന കൂടികാഴ്ചയുടെ ശതാബ്ദിയാഘോഷത്തിന്റെ ഉദ്ഘാടകൻ

  **നരേന്ദ്ര മോദി**
  - വേദി - **ഡൽഹിയിലെ വിജ്ഞാൻ ഭവൻ**
  - 1925-ലാണ് ഈ കൂടികാഴ്ച നടന്നത്
- അടുത്തിടെ സർക്കാർ അനുമതിയില്ലാതെ പൊതുപ്രവർത്തകരെ അറസ്റ്റ് ചെയ്യുന്നത് തടയുന്ന ബിൽ അവതരിപ്പിച്ച സംസ്ഥാനം

  **ഹിമാചൽ പ്രദേശ്**
  - ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകി
  - ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി - **സുഖ്വീന്ദർ സിംഗ് സുഖു**

## International

- അടുത്തിടെ കണ്ടെത്തപ്പെട്ട പുതിയ രക്തഗ്രൂപ്പ്

**Gwada Negative**

  - ഫ്രഞ്ച് ശാസ്ത്രജ്ഞരാണ് കണ്ടെത്തിയത്

- 2025-ലെ NATO ഉച്ചകോടിയുടെ വേദി

**നെതർലന്റ്** (ഹേഗ്)

  - 2024 - **വാഷിങ്ടൺ**
  - NATO - North Atlantic Treaty Organization
  - NATO യുടെ സെക്രട്ടറി ജനറൽ - **മാർക്ക് റുട്ടേ**
  - നിലവിൽ NATO- യിലെ അംഗങ്ങൾ - **32** (32 - സ്വീഡൻ, 31 - ഫിൻലന്റ്)

## Book & Author

- അടിയന്തരാവസ്ഥ ഇരുട്ടിന്റെ നിലവിളികൾ എന്ന പുസ്തകം രചിച്ചത്

**പി.എസ്. ശ്രീധരൻ പിള്ള**

  - നിലവിലെ ഗോവ ഗവർണറാണ് ഇദ്ദേഹം

## Space

- ആക്സിയം 4 ദൗത്യം വിക്ഷേപിച്ചത്

**2025 ജൂൺ 25**

  - ഇന്ത്യക്കാരനായ ശുഭാൻഷു ശുക്ല ഈ ദൗത്യത്തിന്റെ പൈലറ്റാണ്.
  - മറ്റു യാത്രികർ - **Peggy Whitson, Slawosz Uznanski Wisniewski, Tibor Kapu**
  - വിക്ഷേപണ വാഹനം - ഫാൽക്കൺ 9
  - ആക്സിയം സ്പേസ്, നാസ, ISRO, യൂറോപ്യൻ സ്പേസ് ഏജൻസി എന്നിവരാണ് ദൗത്യത്തിൽ സഹകരിക്കുന്നത്.
  - ഈ ദൗത്യത്തോടെ ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായി ശുഭാൻശു ശുക്ല മാറും.

## Sports

- അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചുറി നേടിയ ഇന്ത്യൻ വിക്കറ്റ് കീപ്പർ

**റിഷഭ് പന്ത്**

  - എം.എസ്. ധോണിയുടെ റെക്കോർഡ് മറി കടന്നു.

## Demise

- 2025 ജൂണിൽ അന്തരിച്ച മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം

**ദിലീപ് ദോഷി**

## Today's MCQ

1. തോട്ടം തൊഴിലാളികൾക്കായുള്ള ലയം ഹൗസിങ് സ്കീം നടപ്പാക്കിയ ആദ്യ ജില്ല

   (a) കോട്ടയം (b) പാലക്കാട്

   (c) വയനാട് (d) ഇടുക്കി

2. ഇന്ത്യയിലാദ്യമായി മൊബൈൽ അധിഷ്ഠിത ഇ-വോട്ടിംഗ് സംവിധാനം നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനം

   (a) കർണാടക (b) ബീഹാർ

   (c) ഒഡീഷ (d) ഗുജറാത്ത്

**Ans : 1 (d), 2 (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 27.06.2025


7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 27.06.2025

## National

- ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് 2025-ന്റെ വേദി

  **ജയ്പൂർ** (രാജസ്ഥാൻ)

  - കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി - **മൻസുഖ് മാണ്ഡവ്യ**
- ഇന്ത്യയിലെ ആദ്യത്തെ ഓഫ്ഗ്രിഡ് ഗ്രീൻ ഹൈഡ്രജൻ പൈലറ്റ് പ്ലാന്റ് സ്ഥാപിതമായത്

  **കച്ച്** (ഗുജറാത്ത്)

  - അദാനി ഗ്രൂപ്പാണ് പ്ലാന്റ് കമ്മിഷൻ ചെയ്തത്.

## International

- 2025 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിന്റെ പ്രമേയം

  **The Evidence is Clear : Invest in Prevention**

  - അന്താരാഷ്ട്ര ലഹരി വിരുദ്ധദിനം - **ജൂൺ 26**
- ഐ.എ.ഇ.എ.യുമായുള്ള സഹകരണം താൽക്കാലികമായി നിർത്തലാക്കുവാൻ തീരുമാനമെടുത്ത രാജ്യം

  **ഇറാൻ**

  - അമേരിക്കയും ഇസ്രായേലും നടത്തിയ ആക്രമണത്തിൽ ഇറാനിന്റെ ആണവകേന്ദ്രങ്ങൾ തകർന്നതിനെ തുടർന്നാണ് തീരുമാനം
  - IAEA - **International Atomic Energy Agency**
- യു.എൻ. ജനറൽ അസംബ്ലി International Day Against Unilateral Coercive Measures ആയി ആചരിക്കാൻ തീരുമാനിച്ചത്

  **ഡിസംബർ 4**
- ആഗോള സമാധാന സൂചിക 2025-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം - **ഐസ്‌ലന്റ്**
  - രണ്ടാം സ്ഥാനത്ത് - **അയർലന്റ്**
  - മൂന്നാം സ്ഥാനത്ത് - **ന്യൂസിലന്റ്**
  - ഇന്ത്യയുടെ സ്ഥാനം - **115**
  - അവസാന സ്ഥാനത്തുള്ളത് - **റഷ്യ** (163)
  - ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇക്കണോമിക്സ് & പീസ് ആണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത്.
- ആദായ നികുതി ഈടാക്കുന്ന ആദ്യ ഗൾഫ് രാജ്യമാകുന്നത്

  **ഒമാൻ**

  - 2028 മുതൽ വ്യക്തിഗത ആദായനികുതി ഏർപ്പെടുത്താൻ ഒമാൻ പദ്ധതിയിടുന്നു.
  - 5% നികുതി ആയിരിക്കും ഏർപ്പെടുത്തുക. ഒമാനിലെ ഏറ്റവും ഉയർന്ന വരുമാനക്കാരായ ഒരു ശതമാനം ആളുകൾക്ക് മാത്രമേ ഇത് ബാധകമാകൂ.

- സുസ്ഥിര വികസന റിപ്പോർട്ട് റാങ്കിംഗ് 2025-ൽ ഒന്നാം സ്ഥാനത്തുള്ളത്

**ഫിൻലന്റ്**

- രണ്ടാം സ്ഥാനത്ത് - **സ്വീഡൻ**
- മൂന്നാം സ്ഥാനത്ത് - **ഡെൻമാർക്ക്**
- ഇന്ത്യയുടെ സ്ഥാനം - **99**

## Book & Author

- അടിയന്തരാവസ്ഥ സമയത്തെ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ട് പുറത്തിറങ്ങിയ പുസ്തകം

**The Emergency Diaries : Years that Forged a Leader**

- പ്രകാശനം ചെയ്തത് കേന്ദ്രമന്ത്രി അമിത് ഷാ

## Space

- ടൈറ്റൻസ് സ്പേസിന്റെ ആദ്യ പരിക്രമണ ദൗത്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരി

**ജാൻവി ദംഗേട്ടി**

- ആന്ധ്രാപ്രദേശ് സ്വദേശിനിയാണ് ജാൻവി

## Sports

- ഒസ്ട്രോവ ഗോൾഡൻ സ്പൈക്ക് 2025 അത്‌ലറ്റിക് മീറ്റിൽ ജേതാവായത്

**നീരജ് ചോപ്ര**

- മത്സരത്തിൽ പുരുഷ ജാവ്‌ലിൻ ത്രോയിലാണ് നേട്ടം കൈവരിച്ചത്
- വേദി - **ചെക്ക് റിപ്പബ്ലിക്**

- ടെസ്റ്റ് ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ ക്യാച്ചുകളെടുത്ത ഫീൽഡർ

**ജോ റൂട്ട്**

- ഇന്ത്യൻ താരം രാഹുൽ ദ്രാവിഡിന്റെ റെക്കോർഡിനൊപ്പമെത്തി.
- ഇംഗ്ലണ്ട് താരമാണ് അദ്ദേഹം
- ടെസ്റ്റ് ക്രിക്കറ്റിൽ 154 മത്സരങ്ങളിൽ നിന്ന് 210 ക്യാച്ചുകൾ സ്വന്തമാക്കി.

(രാഹുൽ ദ്രാവിഡ് 164 മത്സരങ്ങളിൽ നിന്ന് 210 ക്യാച്ചുകൾ)

## Today's MCQ

1. കേരളത്തിന്റെ ഭൂമി പരിപാലനവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ പരിചയപ്പെടുത്താൻ നടത്തുന്ന ഡിജിറ്റൽ സർവേ കോൺക്ലേവ്

   (a) പൃഥ്വി (b) ഭൂമി

   (c) ധാത്രി (d) ധരിണി

2. ULLAS പദ്ധതിക്ക് കീഴിൽ സമ്പൂർണ സാക്ഷരത കൈവരിച്ച 3-ാമത്തെ സംസ്ഥാനം

   (a) മിസോറാം (b) തെലങ്കാന

   (c) ത്രിപുര (d) ഗോവ

   **Ans : 1 (b), 2 (c)**

**TALENT**
**PSC Academy**
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."



## VALUE ADDED POINTS

## 28.06.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 28.06.2025

## National

- ഇന്ത്യയിലെ ആദ്യ സമ്പൂർണ ഗാർഹിക വരുമാന സർവേ നടത്തപ്പെടുന്നത്

  **2026**

  - ഇതിനായി സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം 8 അംഗ സാങ്കേതിക വിദഗ്ദ്ധ സംഘത്തിന് രൂപം നൽകി.
  - സാമ്പത്തിക വിദഗ്ദ്ധനും അന്താരാഷ്ട്ര നാണയനിധിയുടെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ സുർജിത് എസ് ഭല്ലയാണ് ഗ്രൂപ്പ് അധ്യക്ഷൻ

- അന്താരാഷ്ട്ര ഉരുളക്കിഴങ്ങ് കേന്ദ്രത്തിന്റെ ദക്ഷിണേഷ്യൻ യൂണിറ്റ് സ്ഥാപിതമാകുന്നത്

  **ആഗ്ര (ഉത്തർപ്രദേശ്)**

  - ഇതിനായി കേന്ദ്രാനുമതി ലഭിച്ചു.

- ഇന്ത്യയിലെ ആദ്യത്തെ ദേശീയ അപൂർവ രക്തദാതാക്കളുടെ രജിസ്ട്രി ആരംഭിച്ചത്

  **നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇമ്മ്യൂണോഹെമറ്റോളജി, മുംബൈ**

  - ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന് കീഴിലുള്ള സമാപനമാണിത്.

## Award

- **കേരള സാഹിത്യ അക്കാദമി പുരസ്കാരം 2024**
  - വിശിഷ്ടാംഗത്വം നേടിയവർ

    **കെ.വി. രാമകൃഷ്ണൻ, ഏഴാച്ചേരി രാമചന്ദ്രൻ**
  - സമഗ്ര സംഭാവന പുരസ്കാരം

    **പി.കെ.എൻ. പണിക്കർ, പയ്യന്നൂർ കുഞ്ഞിരാമൻ, എം.എം. നാരായണൻ, ടി.കെ. ഗംഗാധരൻ, കെ.ഇ.എൻ. കുഞ്ഞഹമ്മദ്, മല്ലിക യൂനിസ്**
  - നോവൽ – **ജി.ആർ. ഇന്ദുഗോപൻ** (ആനോ)
  - കവിത – **അനിത തമ്പി** (മുരിങ്ങ വാഴ കറിവേപ്പ്)
  - ചെറുകഥ – **വി. ഷിനിലാൽ** (ഗരിസപ്പ അരുവി അഥവാ ഒരു ജലയാത്ര)
  - നാടകം – **ശശിധരൻ നടുവിൽ** (പിത്തളശലഭം)
  - സാഹിത്യവിമർശനം – **ജി. ദിലീപൻ** (രാമായണത്തിന്റെ ചരിത്ര സഞ്ചാരങ്ങൾ)
  - വൈജ്ഞാനിക സാഹിത്യം – **പി. ദീപക്** (നിർമ്മിതബുദ്ധികാലത്തെ സാമൂഹിക രാഷ്ട്രീയ ജീവിതം)
  - യാത്രാ വിവരണം – **കെ.ആർ. അജയൻ** (ആരോഹണം ഹിമാലയം)
  - വിവർത്തനം – **ചിഞ്ജു പ്രകാശ്** (എന്റെ രാജ്യം എന്റെ ശരീരം)
  - ബാലസാഹിത്യം – **ഇ.എൻ. ഷീജ** (അമ്മമണമുള്ള കനിവുകൾ)
  - ഹാസ സാഹിത്യം – **നിരഞ്ജൻ** (കേരളത്തിന്റെ മൈദാത്മകത (വറുത്തരച്ച ചരിത്രത്തോടൊപ്പം))
  - ജീവചരിത്രം/ആത്മകഥ – **കെ. രാജശേഖരൻ നായർ** (ഞാൻ എന്ന ഭാവം)
  - സി.ബി. കുമാർ സ്മാരക എൻഡോവ്മെന്റ് പുരസ്കാരം – **എം. സ്വരാജ്** (പൂക്കളുടെ പുസ്തകം)
  - എം. സ്വരാജ് പുരസ്കാരം നിരസിച്ചു.

- 2025-ൽ രാജ്യത്തെ ഏറ്റവും മികച്ച പാസ്പോർട്ട് ഓഫീസിനുള്ള പുരസ്കാരം ലഭിച്ചത്

**കോഴിക്കോട് റീജിയണൽ പാസ്പോർട്ട് ഓഫീസ്**

  - വിദേശകാര്യ മന്ത്രാലയം സംഘടിപ്പിച്ച പാസ്പോർട്ട് ഓഫീസർമാരുടെ വാർഷിക സമ്മേളനത്തിലാണ് പുരസ്കാരം ലഭിച്ചത്.

## Space

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ആദ്യ ഇന്ത്യക്കാരൻ

**ശുഭാൻശു ശുക്ല**

  - ആക്സിയം - 4 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര
  - ബഹിരാകാശ യാത്ര നടത്തുന്ന രണ്ടാമത്തെ ഇന്ത്യക്കാരൻ
  - ബഹിരാകാശ യാത്ര നടത്തുന്ന 634-ാം ബഹിരാകാശ യാത്രികൻ
  - 1984-ൽ ബഹിരാകാശ യാത്ര നടത്തിയ രാകേഷ് ശർമ്മയാണ് ബഹിരാകാശത്തുപോയ ആദ്യ ഇന്ത്യക്കാരൻ
  - ആക്സിയം - 4 വിക്ഷേപിച്ചത് - **2025 ജൂൺ 25**

## Defence

- ഇന്ത്യൻ നാവികസേന കമ്മീഷൻ ചെയ്യുന്ന പുതിയ സ്റ്റെൽത്ത് മൾട്ടി റോൾ ഫ്രിഗേറ്റ്

**INS തമൽ**

  - 2025 ജൂലൈ 1-ന് റഷ്യയിൽ കമ്മീഷൻ ചെയ്യാൻ ഒരുങ്ങുന്നു.

## Sports

- ക്രിസ്റ്റ്യാനോ റൊണാൾഡോ അൽ-നാസറുമായി പുതിയ കരാറിൽ ഒപ്പു വച്ചു.
  - രണ്ട് വർഷത്തെക്കാണ് കരാറിൽ ഒപ്പുവച്ചത് (2027 വരെ)

## Demise

- 2025 ജൂണിൽ അന്തരിച്ച ഇന്ത്യൻ പർവതാരോഹകൻ

**മോഹൻ സിംഗ് കോഹ്‌ലി**

  - ഇന്ത്യയുടെ വിജയകരമായ ആദ്യ എവറസ്റ്റ് പര്യവേഷണത്തിന് നേതൃത്വം നൽകിയ നാവികസേനയിലെ മുൻ സൈനികൻ

## Today's MCQ

1. ആഗോള സമാധാന സൂചിക 2025-ൽ ഒന്നാം സ്ഥാനത്തുള്ള രാജ്യം

   (a) ഐസ്‌ലന്റ് (b) ഫിൻലന്റ്

   (c) അയർലന്റ് (d) ന്യൂസിലന്റ്

2. ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് 2025-ന്റെ വേദി

   (a) ഭോപ്പാൽ (b) ലഖ്നൗ

   (c) ജയ്പൂർ (d) വാരണാസി


   **Ans : 1 (a), 2 (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത് മാത്രം പഠിച്ചു മുന്നേറാം..."




## VALUE ADDED POINTS

## 29.06.2025


7845 89 44 92
8590 57 5710

veranda.talentkerala.com


FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS STUDY NOTES 29.06.2025

## Appointment

- 2025 ജൂണിൽ റിപ്പബ്ലിക് ഓഫ് കൊറിയയിലെ ഇന്ത്യൻ അംബാസഡറായി നിയമിതനായത്

  **Aliawati Longkumer**

## National

- ഇന്ത്യയിലെ ഏറ്റവും മികച്ച ദേശീയോദ്യാനമായി അംഗീകരിക്കപ്പെട്ട കേരളത്തിലെ ദേശീയോദ്യാനം

  **ഇരവികുളം ദേശീയോദ്യാനം**

  - കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം നടത്തിയ 2020 - 2025-ലെ മാനേജ്മെന്റ് എഫക്റ്റീവ്നസ് ഇവാലൂവേഷൻ റിപ്പോർട്ട് പ്രകാരമാണിത്.
  - ജമ്മു കാശ്മീരിലെ ദാച്ചിഗ്രാം നാഷണൽ പാർക്കും ഒന്നാം സ്ഥാനത്തുണ്ട്.

- അടുത്തിടെ ഖത്തറിലേക്ക് റോസ് ഗുണമുള്ള ലിച്ചിയുടെ ആദ്യ ബാച്ച് കയറ്റി അയക്കപ്പെട്ടത്

  **Pathankot** (പഞ്ചാബ്)

- ഇന്ത്യയിലെ ആദ്യ എ.ഐ. പവേർഡ് ട്രാഫിക് സിസ്റ്റം ആരംഭിച്ചത്

  **ദ്വാരക എക്സ്പ്രസ് വേ (ഡൽഹി)**

## International

- 2025-ൽ നടന്ന SCO പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംയുക്ത പ്രസ്താവനയെ അംഗീകരിക്കാൻ വിസമ്മതിച്ച രാജ്യം

  **ഇന്ത്യ**

  - പഹൽഗാം ആക്രമണത്തെക്കുറിച്ച് പരാമർശിക്കാത്തതിനാലാണ് രേഖയിൽ ഒപ്പിടാൻ കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് വിസമ്മതിച്ചത്.
  - വേദി - **ചൈന**

- QUAD വിദേശമന്ത്രിമാരുടെ യോഗം 2025-ന്റെ വേദി

  **യു.എസ്.**

  - ഇന്ത്യയിൽ നിന്നും കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പങ്കെടുക്കും.
  - QUAD - Quadrilateral Security Dialogue
  - അംഗരാജ്യങ്ങൾ - ഇന്ത്യ, ആസ്ട്രേലിയ, ജപ്പാൻ, യു.എസ്.

- 2029 വേൾഡ് പോലീസ് & ഫയർ ഗെയിംസിന്റെ വേദി

  **അഹമ്മദാബാദ്** (ഗുജറാത്ത്)

- അടുത്തിടെ സ്ഫോടനം സംഭവിച്ച ഇലിയാംന അഗ്നിപർവ്വതം സ്ഥിതി ചെയ്യുന്ന രാജ്യം

  **യു.എസ്.**

- 2025 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ ദിനത്തിന്റെ പ്രമേയം

  **Enhancing the role of Micro, Small and Medium-sized Enterprises (MSMEs) as drivers of Sustainable Growth and Innovation**

  - സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ ദിനം – **ജൂൺ 27**

## Book & Author

- The One : Cricket, My Life and More എന്ന പുസ്തകം എഴുതിയത്

  **ശിഖർ ധവാൻ**

  - മുൻ ഇന്ത്യൻ ക്രിക്കറ്റ് താരമാണ് അദ്ദേഹം

## Banking

- കോൾ മണി മാർക്കറ്റ് സമയം 2 മണിക്കൂർ കൂട്ടുവാൻ RBI തീരുമാനിച്ചു.
  - രാവിലെ 9 മുതൽ വൈകിട്ട് 5 വരെ എന്നുള്ള സമയം 9 മുതൽ 7 വരെ എന്നാക്കും.
  - 2025 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരും.

## Science & Technology

- അടുത്തിടെ ഗൂഗിൾ പുറത്തിറക്കിയ സൗജന്യ എ.ഐ. കമാൻഡ് ലൈൻ

  **ജമിനി CLI**

## Space

- ആക്സിയം - 4 ദൗത്യത്തിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ മൈക്രോ ഗ്രാവിറ്റി ഗവേഷണത്തിനായി ബഹിരാകാശ നിലയത്തിൽ എത്തിച്ച വിത്തിനങ്ങൾ

  **ജോതി, ഉമ** (നെല്ല്), **കനകമണി** (കുറ്റിപ്പയർ), **തിലതാര** (എള്ള്), **സൂര്യ** (വഴുതന), **വെള്ളായണി വിജയ്** (തക്കാളി)

  - 14 ദിവസത്തെ ബഹിരാകാശ പരീക്ഷണത്തിനു ശേഷം വിത്തിനങ്ങൾ തിരികെ ഭൂമിയിലേക്ക് കൊണ്ടുവന്ന് പാകും

## Demise

- 2025 ജൂണിൽ അന്തരിച്ച പരിഭാഷകനും എഴുത്തുകാരനുമായ വ്യക്തി

  **കെ.കെ. ഭാസ്കരൻ പയ്യന്നൂർ**

  - ജയിംസ് ഹാഡ്‌ലി ചേസിന്റെ നോവലുകളുടെ മലയാളം പരിഭാഷകനായിരുന്നു അദ്ദേഹം.
  - അമൃതചുംബനം, രഹസ്യദ്വീപ്, ഇരുട്ടുമുറിയിലെ പ്രേതം എന്നിവ സ്വന്തം രചനകളാണ്.

## Today's MCQ

1. കേരള സാഹിത്യ അക്കാദമി പുരസ്കാരം 2024 നോവൽ വിഭാഗം പുരസ്കാരത്തിന് അർഹനായത് ആര് ?

   (a) ശശിധരൻ നടുവിൽ (b) ജി.ആർ. ഇന്ദുഗോപൻ

   (c) ജി. ദിലീപൻ (d) പി. ദീപക്

2. ഇന്ത്യയിലെ ആദ്യ സമ്പൂർണ ഗാർഹിക വരുമാന സർവേ നടത്തപ്പെടുന്നത്

   (a) 2027 (b) 2028

   (c) 2025 (d) 2026

**Ans : 1 (b), 2 (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

"പഠിക്കേണ്ടത്
മാത്രം പഠിച്ചു
മുന്നേറാം..."



VALUE ADDED POINTS

30.06.2025
01.07.2025

7845 89 44 92
8590 57 5710

veranda.talentkerala.com

FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

# DAILY CURRENT AFFAIRS

## STUDY NOTES 30.06.2025 TO 01.07.2025

## Appointment

- RAW യുടെ പുതിയ തലവൻ

  **പരാഗ് ജെയിൻ**

  - രവി സിൻഹയുടെ കാലാവധി കഴിയുന്നതിനെ തുടർന്നാണ് നിയമനം
  - ഓപ്പറേഷൻ സിന്ദൂറിൽ നിർണായക പങ്ക് വഹിച്ച വ്യക്തിയാണ് പരാഗ് ജെയിൻ
  - RAW - **Research and Analysis Wing**

- CBTD (സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ്) ചെയർമാൻ

  **രവി അഗർവാൾ**

  - ഇദ്ദേഹത്തിന്റെ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി

- സംസ്ഥാന പോലീസിന്റെ പുതിയ മേധാവി

  **റവാഡ ചന്ദ്രശേഖർ**

  - ഷെയ്ഖ് ദർവേഷ് സാഹിബ് വിരമിച്ച ഒഴിവിലേക്കാണ് നിയമനം

## Kerala

- കേരളത്തിലെ അതി ദരിദ്രരില്ലാത്ത ആദ്യ ജില്ല

  **കോട്ടയം**

  - സംസ്ഥാനത്തെ ആദ്യ അതി ദാരിദ്ര്യമുക്ത നിയോജക മണ്ഡലം - **ധർമ്മടം**

## International

- പസഫിക് ദ്വീപരാജ്യമായ ടുവാലുവിലെ ജനങ്ങൾക്ക് കാലാവസ്ഥ വിസ അനുവദിച്ച രാജ്യം

  **ഓസ്ട്രേലിയ**

  - കടൽ നിരപ്പ് ഉയരുംതോറും മുങ്ങികൊണ്ടിരിക്കുന്ന രാജ്യമാണ് ടുവാലു
  - 2050-ഓടെ ഈ രാജ്യം കടലെടുക്കുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രവചനം

## Sports

- അന്താരാഷ്ട്ര ക്രിക്കറ്റിലെ മൂന്ന് ഫോർമാറ്റിലും സെഞ്ചുറി നേടിയ ആദ്യ ഇന്ത്യൻ വനിത

  **സ്മൃതി മന്ഥാന**

  - അന്താരാഷ്ട്ര ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റിലും സെഞ്ചുറി നേടിയ ആദ്യ ഇന്ത്യൻ താരം -

    **സുരേഷ് റെയ്ന**

  - എല്ലാ ഫോർമാറ്റിലും സെഞ്ചുറി നേടിയ ആദ്യ വനിത - **Heather Knight** (ഇംഗ്ലണ്ട്)

- 2025 ജൂണിൽ വേൾഡ് അത്‌ലറ്റിക്സ് പുറത്തുവിട്ട റിപ്പോർട്ടുകൾ പ്രകാരം പുരുഷ ജാവലിൻ ത്രോയിൽ ഒന്നാമതുള്ളത്

  **നീരജ് ചോപ്ര**

  - രണ്ടാം സ്ഥാനം – **ആൻഡേഴ്സൺ പീറ്റേഴ്സ്** (ഗ്രാനഡ താരം)
  - ഒളിംപിക് സ്വർണ മെഡൽ ജേതാവായ അർഷാദ് നദീം – **നാലാം സ്ഥാനം**

- 2025 ഫോർമുല വൺ ഓസ്ട്രിയൻ ഗ്രാൻഡ്പ്രിക്സ് ജേതാവ്

  **ലാൻഡോ നോറിസ്**

- **<u>പ്രഥമ ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പ്</u>**

  - പുരുഷ വിഭാഗം ജേതാക്കൾ – **തമിഴ്നാട്** (മഹാരാഷ്ട്രയെ പരാജയപ്പെടുത്തി)
  - വനിത വിഭാഗം ജേതാക്കൾ – **ഒഡീഷ** (പഞ്ചാബിനെ പരാജയപ്പെടുത്തി)

- 2025 U-21 യൂറോകപ്പ് കിരീടം നേടിയത്

  **ഇംഗ്ലണ്ട്**

  - റണ്ണറപ്പ് – **ജർമ്മനി**
  - ഇംഗ്ലണ്ട് കിരീടം നേടുന്നത് നാലാം തവണ

## Demise

- 2025-ൽ അന്തരിച്ച മുൻ ഇംഗ്ലണ്ട് ക്രിക്കറ്റ് താരം

  **വെയ്ൻ ലാർകിൻസ്**

## Today's MCQ

1. QUAD വിദേശമന്ത്രിമാരുടെ യോഗം 2025-ന്റെ വേദി ?

   (a) ഇന്ത്യ (b) ഓസ്ട്രേലിയ

   (c) ജപ്പാൻ (d) യു.എസ്.

2. 2029 വേൾഡ് പോലീസ് & ഫയർ ഗെയിംസിന്റെ വേദി ?

   (a) അഹമ്മദാബാദ് (b) പൂനെ

   (c) ന്യൂഡൽഹി (d) ചെന്നൈ

**Ans : 1 (d), 2 (a)**